

JESUS REDEEMS MINISTRIES

# യുവജനലോകം

ആഗസ്റ്റ് 2024

എല്ലാവരാലും അവഗണിക്കപ്പെട്ട
സാഹചര്യത്തിലിരിക്കുന്ന നിങ്ങൾ;
ദൈവഹിതം നിറവേറ്റുവാൻ
തിരഞ്ഞെടുക്കപ്പെട്ടവരാണ് ....

## കർത്താവിന്റെ തിരഞ്ഞെടുപ്പ്!

TECH - 7

# ഫോണിന്റെ ഉപയോഗം

ഹലോ സ്നേഹിതരെ! Technology അതിവേഗം വളർന്നു വരുന്ന ഈ ലോകത്തിൽ നമുക്ക് ധാരാളം പുതിയ കാര്യങ്ങൾ പഠിക്കാനുണ്ട്. ഫോണിന്റെ ഉപയോഗം എന്ന ഈ ലേഖനത്തിലൂടെ നിങ്ങൾ Cloud storage നെക്കുറിച്ച് കുറച്ച് കാര്യങ്ങൾ പഠിച്ചു. നിങ്ങളുടെ സ്കൂൾ, കോളേജ്, ജോലി സ്ഥലങ്ങളിൽ ഇത് നിങ്ങളെ എങ്ങനെ സഹായിക്കുമെന്നും മനസ്സിലാക്കി. അതിനുപുറമെ, ഗവൺമെന്റ് അംഗീകാരം നൽകുന്ന പൊതു സ്ഥലങ്ങളിൽ Cloud storage എങ്ങനെ സഹായിക്കുന്നുവെന്ന് അറിയുവാൻ നിങ്ങൾക്ക് ജിജ്ഞാസയുണ്ടോ? ഉദാഹരണത്തിന്, ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ നിങ്ങളുടെ original ID proof കൊണ്ടുപോകുവാൻ എപ്പോഴെങ്കിലും മറക്കുകയും അതിന് പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ടോ? എങ്കിൽ DigiLocker മൊബൈൽ ആപ് നിങ്ങൾക്കുള്ളതാണ്. ഈ ലേഖനത്തിലൂടെ ഇതിനെക്കുറിച്ചുള്ള ഉപയോഗപ്രദമായ വിവരങ്ങൾ നിങ്ങൾ കാണുവാൻ പോകുന്നു.

DigiLocker എന്നത് ഡിജിറ്റൽ ഇന്ത്യ പദ്ധതിക്ക് കീഴിൽ ഇന്ത്യയിൽ പുറത്തിറക്കിയ മൊബൈൽ ആപ്പാണ്. ഈ ഡിജിലോക്കറിൽ നിങ്ങൾക്ക് ഡോക്യുമെന്റുകൾ സൂക്ഷിക്കാം. ആവശ്യമുള്ളപ്പോഴെല്ലാം അത്ആക്സസ് ചെയ്ത് പരിശോധിക്കാം. പാൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, ആധാർ കാർഡ്, സ്കൂൾ മാർക്ക് ലിസ്റ്റുകൾ, ഇൻഷുറൻസ് പോളിസി രേഖകൾ തുടങ്ങി പ്രധാനപ്പെട്ട രേഖകൾ ഡിജിലോക്കറിൽ ഡിജിറ്റലായി സൂക്ഷിക്കാം.

അതുകൊണ്ട് രേഖകൾ എപ്പോഴും കൈകളിൽ സൂക്ഷിക്കേണ്ട ആവശ്യമില്ല. ഡിജിലോക്കറിൽ നിന്ന് ആവശ്യമുള്ളപ്പോഴെല്ലാം ഇത് വീണ്ടെടുക്കാവുന്നതാണ്. അതായത്




ഡിജിലോക്കർ വാലറ്റിൽ സൂക്ഷിച്ചിരിക്കുന്ന നിങ്ങളുടെ ഡ്രൈവിംഗ് ലൈസൻസ് ട്രാഫിക് പൊലീസ് ആവശ്യപ്പെടുമ്പോൾ കാണിക്കുവാൻ കഴിയും. എല്ലാ രേഖകളും ഒരിടത്ത് സുരക്ഷിതമായി സൂക്ഷിക്കാം. പ്രകൃതിക്ഷോഭങ്ങളിൽ പ്രധാനപ്പെട്ട രേഖകൾ നഷ്ടമാകുമ്പോൾ ഈ ഡിജിലോക്കർ സൗകര്യം ഉപയോഗപ്രദമാണ്.

**ശരി ഈ ഡിജിലോക്കർ എങ്ങനെ ഉപയോഗിക്കുമെന്നാണോ നിങ്ങൾ ചോദിക്കുന്നത്?**

www.digilocker.gov.in/ എന്ന വെബ്സൈറ്റിൽ നിങ്ങളുടെ മൊബൈൽ നമ്പരും ആധാർ നമ്പരും ഉപയോഗിച്ച് ഡിജിലോക്കർ വാലറ്റിനായി അപേക്ഷിക്കാം. അല്ലെങ്കിൽ ആൻഡ്രോയിഡ്/ ഐഫോൺ ഹാൻസെറ്റുകളിൽ play store / App Store വഴി നിങ്ങൾക്ക് ഇത് Download ചെയ്ത് Register ചെയ്യാം. നിങ്ങൾക്ക് ആധാറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ ഇല്ലെങ്കിൽ, അടുത്തുള്ള ആധാർ എന്റോൾമെന്റ് സെന്ററിൽ അപ്ഡേറ്റ് ചെയ്യാം. തുടർന്ന് ഡിജിലോക്കറിന് അപേക്ഷിക്കാം.

അതിൽ ചോദിക്കുന്ന വിശദാംശങ്ങൾ പൂരിപ്പിച്ച ശേഷം, നിങ്ങൾ Security Pin നൽകി, നിങ്ങളുടെ ഇമെയിൽ ID നൽകേണ്ടതുണ്ട്. ഈ പ്രക്രിയ പൂർത്തിയാകുമ്പോൾ, നിങ്ങൾ ഒരു Login ID യും Password ഉം സൃഷ്ടിക്കണം. അതിനുശേഷം ഡിജിറ്റൽ ലോക്കർ ആവശ്യമുള്ളപ്പോഴെല്ലാം ഉപയോഗിക്കാം.

Okay friends, ഈ tech info നിങ്ങൾക്ക് ഉപയോഗപ്പെടുമെന്ന് വിശ്വസിക്കുന്നു. മറ്റൊരു infoയുമായി അടുത്ത മാസം വീണ്ടും കാണാം. Bye!





# ആമുഖം

## നിങ്ങളെ തിരഞ്ഞെടുത്തു!!

എന്റെ പ്രിയപ്പെട്ട യൗവനക്കാരായ മകനേ(ളേ)!

യേശുക്രിസ്തുവിന്റെ മാധുര്യനാമത്തിൽ എന്റെ സ്നേഹാശംസകൾ! ഈ വർഷം 7 മാസങ്ങൾ കടന്ന് 8-ാം മാസത്തിലേക്ക് നമ്മെ നടത്തിവന്ന കർത്താവിന് സ്തോത്രം. എല്ലാ മാസവും ഈ യുവജനലോകം മാസികയിലൂടെ കർത്താവ് നിങ്ങളെ ശക്തിപ്പെടുത്തുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ മാസം കർത്താവിന്റെ തിരഞ്ഞെടുപ്പ് എങ്ങനെയുള്ളതെന്ന് നാം കാണുവാൻ പോകുന്നു.

ദൈവത്തിന്റെ തിരഞ്ഞെടുപ്പ് എപ്പോഴും അത്ഭുതപ്പെടുത്തുന്നതാണ്. കർത്താവ് എളിയവനെ പൊടിയിൽനിന്ന് എഴുന്നേല്പിക്കയും ദരിദ്രനെ കുപ്പയിൽനിന്ന് ഉയർത്തുകയും ചെയ്യുന്നു. കർത്താവ് അവനെ രാജാക്കന്മാരോടും പ്രഭുക്കന്മാരോടും കൂടെ ഇരുത്തുന്നു. കർത്താവ് ഹാബെലിനെ സ്നേഹിക്കുകയും അവന്റെ വഴിപാട് സ്വീകരിക്കുകയും ചെയ്തു. എന്നാൽ കയീന്റെ പ്രയത്നം അംഗീകരിച്ചതുമില്ല. ഞാൻ യാക്കോബിനെ സ്നേഹിക്കുകയും ഏശാവിനെ വെറുക്കുകയും ചെയ്തു എന്ന് കർത്താവ് പറയുന്നു. കർത്താവ് തെരഞ്ഞെടുത്തവരെല്ലാം സാധുക്കളും, അധഃസ്ഥിതരും അവഗണിക്കപ്പെട്ടവരും പുറംതള്ളപ്പെട്ടവരുമാണ്. തങ്ങളുടെ ജീവിതത്തിൽ കുറവുകൾ ഉണ്ടായിരുന്നിട്ടും, അവർ കർത്താവിനെ അളവില്ലാതെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തു.

ഇത്തരത്തിൽ ഒന്നിനും കൊള്ളാത്തവൻ എന്ന് ലോകം കുറ്റപ്പെടുത്തിയവരെ, കർത്താവ് ആലിംഗനം ചെയ്യുകയും, അവരുടെ ജീവിതം മാറ്റി ഒരു പുതിയ തുടക്കം നൽകുകും ചെയ്തു. ലോകമെമ്പാടും സുവിശേഷം പ്രചരിപ്പിക്കുവാൻ യേശുക്രിസ്തു 12 ശിഷ്യന്മാരെ തിരഞ്ഞെടുത്തു. അവരെ വിശ്വസിച്ചു. അവരെല്ലാം പണ്ഡിതന്മാരല്ല, വ്യക്തിത്വമുള്ളവരുമല്ല, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന സാധാരണക്കാരായിരുന്നു. പക്ഷേ, അവരിൽ വിശ്വാസം അർപ്പിച്ച്, അവരെ തിരഞ്ഞെടുത്തു. ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ, കർത്താവ് ലോകത്തിലെ ഭോഷന്മാരെ തിരഞ്ഞെടുത്തു. ശക്തന്മാരെ ലജ്ജിപ്പിക്കുവാൻ കർത്താവ് ലോകത്തിലെ ദുർബലരെ തിരഞ്ഞെടുത്തു. എന്തെന്നാൽ, എളിയവരായി കണക്കാക്കപ്പെട്ടിരുന്ന നമ്മെ തിരഞ്ഞെടുത്തതിനാൽ, കർത്താവ് എന്നെ തിരഞ്ഞെടുത്തു എന്ന് അഹങ്കരിക്കരുത്. അത് കർത്താവിന്റെ കൃപയാണ്. നീ എന്റെ ദൃഷ്ടിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു എന്ന് മോശയോട് കർത്താവ് അരുളിച്ചെയ്തു. ഇന്ന് ദൈവഹിതം നിങ്ങളിലൂടെ നിറവേറ്റാൻ കർത്താവ് നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു. ഇപ്പോൾ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഉണർവിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി കർത്താവ് നിങ്ങളെ തിരഞ്ഞെടുത്ത്, അഭിഷേകം ചെയ്ത്, ശക്തിയും കൃപാവരങ്ങളും നൽകിയിരിക്കുന്നതിന് കാരണം, നീ എഴുന്നേറ്റ് ജ്വലിച്ച് പ്രകാശിക്കുവാനാണ്!





**നിങ്ങൾ കർത്താവിനെ തെരഞ്ഞെടുത്തതല്ല, കർത്താവ് നിങ്ങളെ തെരഞ്ഞെടുത്ത് തന്റെ ജീവശ്വാസമായി, തന്റെ കൈവിരൽ പോലെ നിങ്ങളെ ഉപയോഗിക്കുന്നു. നിങ്ങളുടെ ഓരോ പ്രവൃത്തിയും പ്രയത്നവും കർത്താവിനെ മഹത്വപ്പെടുത്തുവാനും തന്റെ ഇഷ്ടം നിങ്ങളിലൂടെ നിവർത്തിക്കുവാനും മാത്രമാണ് കർത്താവ് നിങ്ങളെ തെരഞ്ഞെടുത്തത്. നിങ്ങളിലൂടെ ഒരു കൂട്ടം യൗവനക്കാരെ സൈന്യമായി എഴുന്നേൽപ്പിച്ച്, ലോകമെമ്പാടും ഉണർവ് പരത്തുവാൻ വേണ്ടി മാത്രമാണ് നിങ്ങളെ തിരഞ്ഞെടുത്തതെന്ന്, തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവിൻ!**

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്



# ചാരത്തിൽ നിന്ന് സിംഹാസനത്തിലേക്ക്..!!

യേശുവിനെ അറിയാത്ത കുടുംബത്തിൽ ജനിച്ച്, കുട്ടിക്കാലം മുതൽ മാതാപിതാക്കളുടെ കരുതലില്ലാതെ, യൗവനപ്രായത്തിൽ എല്ലാവരും വെറുത്ത് ആക്രി ശേഖരിക്കുന്ന ജോലി ചെയ്ത്, സിനിമാ ഗാനരചയിതാവാകണമെന്നുള്ള സ്വപ്നം സാക്ഷാത്കരിക്കുവാൻ നിരവധി കഷ്ടപാടുകളും, അപമാനങ്ങളും നേരിട്ടിട്ടും അതൊന്നും നേടുവാൻ കഴിയാതിരുന്ന സാഹചര്യത്തിൽ, യേശുക്രിസ്തുവിന്റെ സ്നേഹം അറിയുകയും, രക്ഷിക്കപ്പെട്ട്,പാട്ടുകളിലൂടെ ഇന്ന് ദൈവനാമം മഹത്വപ്പെടുത്തുകയും ചെയ്യുന്ന പാസ്റ്റർ ആരോൺ ബാലയുമായി ഒരു അഭിമുഖം.









**നിങ്ങളുടെ കുടുംബത്തെയും ബാല്യകാലത്തെയും കുറിച്ച് പറയാമോ?**

കല്ലുറിച്ചിയിലെ പുതുപ്പാട്ട് എന്ന ചെറിയ ഗ്രാമത്തിൽ, യേശുവിനും ഞങ്ങൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ലാത്ത ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചത്. എനിക്ക് 2 സഹോദരിമാരും ഒരു സഹോദരനുമുണ്ട്. ഞാൻ 5 വയസ്സുവരെ മാത്രമാണ് മാതാപിതാക്കളുടെ കൂടെ ഉണ്ടായിരുന്നത്. അതിനുശേഷം എന്റെ മാതാപിതാക്കൾ എന്നെ വല്യമ്മയുടെ വീട്ടിൽ ഏൽപ്പിച്ചിട്ട് ഡൽഹിലേക്ക് പോയി. ഞങ്ങളുടെ ഗ്രാമത്തിലുള്ള ഒരു സ്കൂളിലാണ് ഞാൻ പഠിച്ചത്. ഉച്ചഭക്ഷണം ലഭിക്കും എന്നതുകൊണ്ട് മാത്രമാണ് ഞാൻ സ്കൂളിൽ പോയത്. ആ ഭക്ഷണത്തിൽ പുഴുവും പ്രാണികളും ഉണ്ടാകുമെന്നല്ലാതെ, ഒരു രുചിയും ഉണ്ടായിരുന്നില്ല. എങ്കിലും ഞാൻ അതെല്ലാം എടുത്ത് കളഞ്ഞിട്ട് സന്തോഷത്തോടെ കഴിക്കും. വല്യമ്മയുടെ വീട്ടിൽ എന്നും ഉറക്കമെഴുന്നേറ്റതിനുശേഷം പാത്രം കഴുകിയാൽ മാത്രമേ അന്ന് എനിക്ക് ഭക്ഷണം ( പഴങ്കഞ്ഞി ) ലഭിക്കുകയുള്ളൂ. വിവാഹം, കാതുകുത്ത് അങ്ങനെ ഏതെങ്കിലും function വരുമ്പോൾ നല്ല ഭക്ഷണം കഴിക്കും. അവധി ദിവസങ്ങളിൽ പശുക്കളെ

മേയ്ക്കണം. അത്തരം സാഹചര്യങ്ങളിൽ ഞാൻ മാതാപിതാക്കളുടെ സ്നേഹത്തിനായി വളരെ ആഗ്രഹിച്ചിരുന്നു.

**നിങ്ങളുടെ നിസ്സാഹയതയെക്കുറി ച്ചോർക്കുമ്പോൾ വിഷമം തോന്നുന്നു. ശരി, യേശുവിനെ അറിയാത്ത ഒരു കുടുംബത്തിൽ ജനിച്ച നിങ്ങൾ എങ്ങനെയാണ് യേശുവിനെ അറിഞ്ഞത്?**




ഞാൻ 7-ാം ക്ലാസിൽ പഠിക്കുമ്പോൾ ഞങ്ങളുടെ ഗ്രാമത്തിൽ sunday class ശുശ്രൂഷ ചെയ്യുവാൻ വന്ന ഗാന്ധിമതി എന്ന അമ്മ ഒരു ദിവസം രാത്രി കുട്ടികൾക്ക് വേദപുസ്തക കഥകൾ പറഞ്ഞുകൊടുക്കുകയായിരുന്നു. അപ്പോൾ ഞാനും അവിടെ പോയിരുന്നു. നോഹയുടെയും പെട്ടകത്തിന്റെയും കഥ പറയുകയായിരുന്നു. അപ്പോഴാണ് ആദ്യമായി ഞാൻ യേശുവിനെക്കുറിച്ച് കേൾക്കുന്നത്. അന്നുമുതൽ sunday class ൽ പോകുവാൻ തുടങ്ങി. അവിടെ നിന്നും ഞാൻ കഥകളും പാട്ടുകളും പഠിച്ചു. അങ്ങനെ ക്രമേണ ഞാൻ യേശുവിനെക്കുറിച്ച് പഠിച്ചു. sunday schoolൽ പോകുവാൻ തുടങ്ങി കുറച്ച് ദിവസങ്ങൾക്ക് ശേഷം "നീയില്ലാതെ ജീവിക്കുവാൻ" എന്ന ഗാനം ഒരു സുവിശേഷയോഗത്തിൽ സ്റ്റേജിൽ നിന്ന് പാടുവാൻ പാസ്റ്റർ എനിക്ക് അവസരം നൽകി. ഞാൻ ആദ്യമായി പാടിയ ക്രിസ്ത്യൻ ഗാനം അതായിരുന്നു. ഞാൻ 'നന്നായി പാടുന്നുവല്ലോ' എന്ന് എല്ലാവരും എന്നെ പ്രോത്സാഹിപ്പിച്ചു.

**സൂപ്പർ ... 7-ാം ക്ലാസിൽ പഠിക്കുമ്പോൾ തന്നെ പാടുവാൻ ആരംഭിച്ചുവല്ലേ... യൗവനപ്രായത്തിൽ നിങ്ങളുടെ ആഗ്രഹം എന്തായിരുന്നു?**

മനുഷ്യനായി ജനിക്കുന്ന എല്ലാവർക്കും ജീവിതത്തിൽ എന്തെങ്കിലും നേടണമെന്ന ആഗ്രഹം ഉണ്ടായിരിക്കുന്നതുപോലെ, എനിക്കും കുട്ടിക്കാലം മുതൽ സിനിമയിൽ ഗാനരചയിതാവ് ആകണം എന്ന് ആഗ്രഹമുണ്ടായിരുന്നു. അക്കാലത്ത് ഏത് പുതിയ സിനിമ റിലീസായാലും അതിലെ പാട്ടുകളെല്ലാം ഒരു പുസ്തകമായി ഒരു രൂപയ്ക്ക് ലഭിക്കും. അതുകൊണ്ട് ഏത് സിനിമ ഇറങ്ങിയാലും, ഒരു രൂപ കൊടുത്ത് വാങ്ങി, സ്കൂളിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ, പാഠപുസ്തകത്തിനുള്ളിൽ വച്ച്, ആ പാട്ടുകൾ മനഃപാഠമാക്കും. ഇതുപോലെ ധാരാളം സിനിമാപാട്ട് പുസ്തകങ്ങൾ വീട്ടിൽ സൂക്ഷിച്ച് വച്ചിരിക്കും.

**ശരി പാസ്റ്റർ .... 5 വയസ്സിൽ മാതാപിതാക്കളിൽ നിന്ന് വേർപിരിഞ്ഞ നിങ്ങൾ അതിനുശേഷം നിങ്ങളുടെ കുടുംബത്തെ കണ്ടുവോ?**

9-ാം ക്ലാസ് കഴിഞ്ഞതിനുശേഷം ഞാൻ ഡൽഹിയിൽ മാതാപിതാക്കളുടെ അടുത്തേക്ക് പോയി. അവിടെ എന്റെ കുടുംബം ആക്രി ശേഖരിക്കുന്ന ജോലി ചെയ്യുകയായിരുന്നു. ഞാനും അവരോടൊപ്പം ചേർന്ന് ആ ജോലി ചെയ്യുവാൻ തുടങ്ങി. അവിടെ ഞങ്ങൾക്ക് വീടില്ല. അവിടെ ഞങ്ങൾ ഒരു ചെറിയ കൂടാരം ഉണ്ടാക്കി താമസിച്ചിരുന്നു. എല്ലാ ദിവസവും രാവിലെ 5 മണിക്ക് എഴുന്നേറ്റ് എവിടെയൊക്കെ കുപ്പികൾ ഉണ്ടോ അതെല്ലാം ശേഖരിച്ച് കടയിൽ വച്ച് അതിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിലാണ് ഞങ്ങൾ ജീവിച്ചിരുന്നത്. ആക്രി ശേഖരിക്കുന്നവരെ ആരും ബഹുമാനിക്കുകയില്ല. ഒരു ഭ്രാന്തനെപ്പോലെയാണ് കാണുന്നത്. ആക്രി ശേഖരിക്കുന്നതും ഭിക്ഷാടനവുമായിരുന്നു കുടുംബമായി ഞങ്ങളുടെ തൊഴിൽ. 4 വർഷം ഞാൻ എന്റെ മാതാപിതാക്കളോടൊപ്പം അവിടെ ആയിരുന്നു.



**ശരി ... 9-ാം ക്ലാസ് വരെ പഠിച്ചിട്ട് ഈ യൗവനപ്രായത്തിൽ ഈ ജോലി ചെയ്യുവാൻ നിങ്ങൾക്ക് കഷ്ടമായിരുന്നില്ലേ?**

കുട്ടിക്കാലത്തിൽ ആ ജീവിതം ഞങ്ങൾക്ക് സുഖകരമായിരുന്നു. പഠിക്കേണ്ട, ആക്രി ശേഖരിക്കുന്നതിനുശേഷം നന്നായി കളിക്കാം എന്നതിനാൽ കഷ്ടമായി തോന്നിയിരുന്നില്ല. വളർന്നു വന്നപ്പോൾ ചില സമയങ്ങളിൽ എന്റെ ഭാവി എന്തായിത്തീരുമോ എന്ന് ഭാരമായിരുന്നു. സിനിമയിൽ ചേരാനോ ഗാനരചയിതാവാകാനോ പഠനം ആവശ്യമില്ലെന്ന് സ്വയം ആശ്വസിച്ചിരുന്നതിനാൽ തുടർന്ന് പഠിക്കുവാൻ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ എന്റെ അമ്മാവന്റെ വിവാഹത്തിനായി 2008ൽ തമിഴ്നാട്ടിൽ വന്നതിനുശേഷം ആക്രി ശേഖരിക്കുന്ന ജോലി ഞാൻ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് ഞാൻ ഡൽഹിയിലേക്ക് മടങ്ങാതെ ഇവിടെ തന്നെ നിന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഞാൻ കേരളത്തിൽ പോയി ഒരു ബാഗ് തയ്ക്കുന്ന കമ്പനിയിൽ ഒന്നര വർഷം ജോലി ചെയ്തു.







**സൂപ്പർ ... അതിനുശേഷം ഗാനരചയിതാവാകണം എന്ന നിങ്ങളുടെ ആഗ്രഹം സാധിച്ചുവോ? എപ്പോഴാണ് രക്ഷയുടെ അനുഭവത്തിൽ വന്നത്?**

കേരളത്തിൽ ചെയ്തുകൊണ്ടിരുന്ന ജോലി വളരെ ബുദ്ധിമുട്ടുള്ളതായിരുന്നതുകൊണ്ട്, ഗാനരചയിതാവാകണം എന്ന ആഗ്രഹം നിറവേറ്റുവാൻ, 2009ൽ എന്റെ സ്നേഹിതൻ മുഖാന്തരം ധരിച്ചിരുന്ന വസ്ത്രത്തോടെ കൈയിൽ ഒരു രൂപപോലും ഇല്ലാതെ ചെന്നൈയിൽ എത്തി, അവിടെ ഒരു ആശുപത്രി കാന്റീനിൽ ജോലിക്ക് പ്രവേശിച്ചു. sunday class ൽ പഠിച്ച കാര്യങ്ങൾ, ഞാൻ വളരുന്നതിനോടൊപ്പം എന്നിൽ വളരുവാൻ തുടങ്ങി. എനിക്ക് എന്തെങ്കിലും പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ എനിക്കറിയാവുന്നത് യേശുവിനെ മാത്രമാണ്. യേശുവിനെയാണ് ഞാൻ വിളിക്കുന്നത്.

ഒരു ദിവസം രാവിലെ ജോലിക്ക് പോകുവാൻ തുടങ്ങിയപ്പോൾ ഞാൻ താമസിച്ചിരുന്ന മുറിയുടെ അടുത്തുള്ള ദേവാലയത്തിൽ നിന്ന്, 'ഇന്ന് മുതൽ ഞാൻ നിന്നെ അനുഗ്രഹിക്കും' എന്ന വചനം കേൾക്കുവാനിടയായി. ആ വചനം എന്നോട് സംസാരിച്ചു. അന്ന് ജോലിക്ക് പോയപ്പോൾ ആ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഒരാൾ ഡിസ്ചാർജ് ആയി പോകുവാൻ തയാറാകുമ്പോൾ എന്നെ വിളിച്ച് 200 രൂപ നൽകിയിട്ട്, നിനക്ക് ഈ പണം തരണം എന്ന് എനിക്ക് തോന്നി, അതുകൊണ്ടാണ് തരുന്നത് എന്ന് പറഞ്ഞു. അന്നാണ് യേശു എനിക്കുവേണ്ടി ആദ്യമായി അത്ഭുതം ചെയ്തത്. അത്തരം ചെറിയ ചെറിയ അത്ഭുതങ്ങൾ കാണുവാൻ തുടങ്ങിയപ്പോൾ, ഞാനും പതിവായി ആലയത്തിൽ പോകുവാൻ തുടങ്ങി. പക്ഷേ സിനിമയോടുള്ള ആഗ്രഹം എന്നിൽ നിന്ന് മാറിയിരുന്നില്ല! ഗാനരചയിതാവാകണമെന്ന ആഗ്രഹത്തോടെ കോടമ്പാക്കത്തെ ഒരു ഹോട്ടലിൽ ജോലിക്ക് പ്രവേശിച്ചു. അവിടെ ജോലി ചെയ്തുകൊണ്ട് പല സിനിമാ കമ്പനികളിലും അവസരങ്ങൾ ചോദിച്ച് പോകും. ഈ സാഹചര്യത്തിൽ 2011ൽ ഞാൻ സ്നാനം സ്വീകരിച്ചു.

**സൂപ്പർ ... സ്നാനം സ്വീകരിച്ച നിങ്ങൾ യേശുവിനുവേണ്ടി എന്താണ് ചെയ്യുവാൻ തുടങ്ങിയത്? ശുശ്രൂഷയിലേക്കുള്ള വിളി എങ്ങനെ, എപ്പോഴാണ് പ്രാപിച്ചത്?**

2012ൽ ഞാൻ വിവാഹിതനായി. വിവാഹത്തിനുശേഷം ഞാൻ എന്റെ നാട്ടിലേക്ക് പോയി അവിടെ ഒരു മൊബൈൽ കടയിൽ കച്ചവടം നടത്തിവന്നു. നാട്ടിലേക്ക് വന്നതിനുശേഷം, മുടങ്ങാതെ സഭയിലേക്ക് പോകുവാനും, ദൈവവുമായുള്ള ബന്ധത്തിൽ വളരുവാനും തുടങ്ങി. ഒരു ദിവസം ഞങ്ങളുടെ സഭയിലെ പാസ്റ്റർ എന്നെ കുട്ടികളുടെ ശുശ്രൂഷയുടെ ചുമതല ഏൽപ്പിക്കുകയും, കൊച്ചു കുഞ്ഞുങ്ങളെ പാട്ടുകൾ പഠിപ്പിക്കുവാൻ എന്നോട് പറഞ്ഞു. ഞാൻ ആ ശുശ്രൂഷ സത്യസന്ധതയോടും പൂർണ പ്രതിബദ്ധതയോടും ചെയ്യുവാൻ തുടങ്ങി. ഇതിനിടയിൽ ഞാൻ നടത്തിക്കൊണ്ടിരുന്ന മൊബൈൽ കടയിലൂടെ വളരെ കടബാധ്യത ഉണ്ടായതിനാൽ, മറ്റൊരു ജോലി കണ്ടെത്തി കടം വീട്ടാൻ ഭാര്യയെയും മക്കളെയും കൂട്ടി ചെന്നൈയിലേക്ക് പോയി. ജോലി ചെയ്ത് എങ്ങനെയെങ്കിലും കടം വീട്ടിയതിനുശേഷം നാട്ടിൽ

തിരിച്ചുവന്ന് വീണ്ടും മൊബൈൽ കട നടത്തണം എന്ന ആശയത്തിലാണ് ഞാൻ ചെന്നൈയിലേക്ക് പോയത്. 2016ൽ ഒരു ദിവസം 'നിന്റെ ബലത്തോടെ പോക' എന്ന് കർത്താവ് എന്നോട് സംസാരിച്ചു. കർത്താവ് എന്നെ ശുശ്രൂഷയ്ക്ക് വിളിക്കുകയാണെന്ന് അപ്പോൾ എനിക്ക് മനസ്സിലായിരുന്നില്ല. കർത്താവ് ആദ്യമായി എന്നെ ശുശ്രൂഷയ്ക്കായി വിളിച്ചതിനെ ഞാൻ വിസമ്മതിച്ചു. അതേ വർഷം ഞാൻ അഭിഷേകം പ്രാപിച്ചു. അതിനുശേഷം എല്ലാവരോടും യേശുവിന്റെ സ്നേഹത്തെക്കുറിച്ച് പറയാനുള്ള വാഞ്ച എന്നെ ഭാരപ്പെടുത്തിക്കൊണ്ടിരുന്നു. ആ ഭാരം കർത്താവിനുവേണ്ടി എന്തെങ്കിലും ചെയ്യണം എന്ന് എനിക്ക് ഒരു തീക്ഷ്ണത നൽകി. ഞാൻ ആക്രി കച്ചവടമാണ് നടത്തിയിരുന്നത് എന്ന് തുടക്കത്തിൽ ആരോടും പറഞ്ഞില്ല. അത് പറയുവാൻ എനിക്ക് വളരെ നാണക്കേട് ആയിരുന്നു. അപ്പോഴാണ് വേദപുസ്തകത്തിൽ "അവൻ ദരിദ്രനെ പൊടിയിൽനിന്നു നിവിർത്തുന്നു; അഗതിയെ കുപ്പയിൽനിന്ന് ഉയർത്തുന്നു" (1 ശമുവേൽ 2:8) എന്ന വചനം എനിക്കുവേണ്ടി എഴുതിയതാണ് എന്ന് തിരിച്ചറിഞ്ഞത്. അതിനുശേഷം ധൈര്യത്തോടെ എന്റെ സാക്ഷ്യം പറയുവാൻ തുടങ്ങി.



**യേശുവിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് ആഗ്രഹിച്ചതുകൊണ്ടാണോ നിങ്ങൾ മുഴുസമയ ശുശ്രൂഷയിൽ പ്രവേശിച്ചത്?**

2017ലെ പുതുവത്സര ആരാധന നടക്കുമ്പോൾ, 'കടഭാരം നിമിത്തം ചെന്നൈയിലേക്ക് വന്നു എന്ന് നീ ചിന്തിക്കാം! എന്നാൽ നീ കടം നിമിത്തം വന്നതല്ല, ഞാനാണ് നിന്നെ കൊണ്ടുവന്നത്, നിനക്ക് നഷ്ടപ്പെട്ടതെല്ലാം ഞാൻ നൽകും, അതിനുവേണ്ടിയാണ് ഞാൻ നിന്നെ മരുഭൂമിയുടെ പാതയിൽ നയിച്ചത്' എന്ന് കർത്താവ് എന്നോട് സംസാരിച്ചു. ഉടൻ തന്നെ എനിക്ക് ഒരു പ്രതീക്ഷ ലഭിച്ചു. എന്റെ ശുശ്രൂഷ ചെന്നൈയിലാണ് എന്ന് മനസ്സിലാക്കി, മൊബൈൽ ഷോപ്പ് പൂർണ്ണമായും അടച്ചു. സിനിമയിൽ ഗാനരചയിതാവാകണം എന്ന ആഗ്രഹത്തോടിരുന്ന എന്നോട് കർത്താവ് സംസാരിച്ചു. 'ക്രൈസ്തവ ഗാനം പാടുമ്പോൾ കർത്താവിനെ മഹത്വപ്പെടുത്തി പാടണം, സിനിമാ ഗാനം പാടുമ്പോൾ മനുഷ്യനെ അല്ലെങ്കിൽ സാത്താനെ മഹത്വപ്പെടുത്തിയാണ് പാടേണ്ടത്, നീ ആരെ മഹത്വപ്പെടുത്തുവാനാണ് പോകുന്നത്?' എന്ന് ചോദിച്ചതിനെതുടർന്ന് ഞാൻ അന്നുതന്നെ എന്നെ സമർപ്പിച്ചു, ഞാൻ എഴുതിവച്ചിരുന്ന എല്ലാ പാട്ടുകളും നശിപ്പിച്ച് കളഞ്ഞതിനുശേഷം, ഇനിയൊരിക്കലും സിനിമയിൽ ഗാനരചയിതാവാകുവാൻ ശ്രമിക്കില്ല എന്ന് സമർപ്പിച്ചു. സമർപ്പിച്ച നാൾ മുതൽ കർത്താവിനെ കുറിച്ചുള്ള പാട്ടുകൾ എഴുതുവാൻ എനിക്ക് കൃപ നൽകി. "അങ്ങ് മാത്രം എന്നോട് ഇല്ലാതിരുന്നാൽ" എന്ന ഗാനമാണ് കർത്താവ് ആദ്യമായി എനിക്ക് നൽകിയത്.

**സൂപ്പർ .... സമർപ്പിച്ചതിനുശേഷം നിങ്ങളുടെ ജീവിതം എങ്ങനെയായിരുന്നു?**

തുടക്കത്തിൽ ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും ഉടൻ തന്നെ മറുപടി ലഭിച്ചിരുന്നു. എന്നാൽ കടക്കെണിയിൽ അകപ്പെട്ട സമയത്ത് കർത്താവിനെ നോക്കിയപ്പോൾ മറുപടി ലഭിച്ചില്ല. ഭാര്യയെയും മക്കളെയും ഉപേക്ഷിച്ച് ഓടിപ്പോകാമെന്ന് ചിന്തിച്ച ദിവസങ്ങൾ ഏറെയുണ്ടായിരുന്നു. 'വീട്ടുവാടക കൊടുക്കുവാൻ കഴിയുന്നില്ല, വേദപുസ്തകവുമെടുത്ത് നടക്കുന്നു' എന്ന് വളരെ മോശമായി സംസാരിച്ച് വീട് ഒഴിയുവാൻ പറഞ്ഞു. എന്റെ സ്നേഹിതൻ എനിക്ക് മറ്റൊരു വീട് കാണിച്ചുതന്നു. അവിടെ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, ജീവന്റെ വചനം നിന്നിലുണ്ട് എന്ന ഗാനം നൽകി. ആ ഗാനം ഇന്ന് അനേകർക്ക് അനുഗ്രഹമായിരിക്കുന്നു. ഇങ്ങനെ കഷ്ടപ്പാടിന്റെ നടുവിൽ നിൽക്കുമ്പോഴാണ് കർത്താവ് ധാരാളം പാട്ടുകൾ നൽകി എന്നെ അനുഗ്രഹിച്ചത്.

> "വീട്ടുവാടക കൊടുക്കുവാൻ കഴിയുന്നില്ല, വേദപുസ്തകവുമെടുത്ത് നടക്കുന്നു" എന്ന് വളരെ മോശമായി സംസാരിച്ച് വീട് ഒഴിയുവാൻ പറഞ്ഞു.

**ഈ പാട്ടുകളിലൂടെ നിങ്ങളെ നയിച്ച കർത്താവിനെ മുഴുവൻ സമയവും ശുശ്രൂഷിക്കുവാൻ തുടങ്ങിയത് എപ്പോഴാണ്?**

2018ൽ എന്റെ വിളി സ്ഥിരീകരിച്ച്, Omega Ministries എന്ന ശുശ്രൂഷ ആരംഭിക്കുവാൻ കർത്താവ് കൃപ നൽകി. ആദ്യമായി സഭ തുടങ്ങിയപ്പോൾ 10 പേർക്ക് ഇരിക്കാവുന്ന സ്ഥലം നൽകി. പിന്നീട് പടിപടിയായി ഉയർത്തി, ഇന്ന് കോടമ്പാക്കത്ത് 250 പേർക്ക് ഇരിക്കാവുന്ന ഒരു ആലയം നൽകി കർത്താവ് അനുഗ്രഹിച്ചിരിക്കുന്നു. എന്റെ ഭാര്യ എനിക്ക് ശുശ്രൂഷയിൽ വളരെ സഹായകമാണ്. കർത്താവ് ഞങ്ങൾക്ക് 3 മക്കളെ നൽകി.



**അതിമനോഹരം.... കർത്താവ് നിങ്ങൾക്ക് നൽകിയ ഗാനങ്ങൾ അനേകർക്ക് അനുഗ്രഹമാണ്. പ്രത്യേകിച്ച് "എൻ കരുവൈ കണ്ടീരയ്യ" എന്ന ഗാനം viral ആവുകയും എല്ലാവരുടെയും ഹൃദയം കവരുകയും ചെയ്തു. ആ അനുഭവം പറയാമോ?**

"എൻ കരുവൈ കണ്ടീരയ്യ" എന്ന ഗാനം record ചെയ്യുവാൻ പണമില്ലാതെ,
എനിക്കുണ്ടായിരുന്ന ബൈക്ക് വിറ്റ് record നടത്തി. മെയ് മാസം shoot ചെയ്ത് സെപ്തംബർ വരെ ഗാനം റിലീസ് ചെയ്തിരുന്നില്ല. അപ്പോൾ 'കർത്താവേ, എല്ലാ ഗാനങ്ങളും എനിക്ക് നൽകരുത്, പണമുള്ളവർക്ക് അത് നൽകൂ' എന്ന് പറഞ്ഞു. എന്നാൽ കർത്താവ് വചനത്തിലൂടെ ആശ്വസിപ്പിച്ച് ആ ഗാനവും റിലീസ് ചെയ്യുവാൻ സഹായിച്ചു,
8 മാസം കൊണ്ട് 9 ദശലക്ഷം views നേടുകയും ചെയ്തു. ഇനിയും ധാരാളം ഗാനങ്ങൾ എഴുതുവാൻ കൃപ നൽകി വരുന്നു. ഇതുവരെ 50 ലധികം ഗാനങ്ങൾ കർത്താവ് എനിക്ക് നൽകി, 13 ഗാനങ്ങൾ പ്രസിദ്ധീകരിക്കുവാനും കൃപ നൽകി.

**യൗവനക്കാരോട് എന്താണ് പറയുവാൻ ആഗ്രഹിക്കുന്നത്?**

പ്രിയ യൗവനക്കാരെ "ആരും എന്നെ ബഹുമാനിക്കുന്നില്ല, എല്ലാവരും എന്നെ ഒഴിവാക്കുന്നു" എന്ന് നിങ്ങൾ ആശങ്കപ്പെടുന്നുവോ? തളർന്നു പോകാതിരിക്കുവിൻ! യേശുവിന് ആരെയും ഉയർത്തുവാനും മാനിക്കുവാനും കഴിയും എന്നതിന് ഞാൻ സാക്ഷിയാണ്. സ്നേഹത്തിനായി കൊതിച്ചു, ശരിയായ ഭക്ഷണമില്ലാതെയും, ആക്രി ശേഖരിച്ച് ജീവിതം അവസാനിക്കുമായിരുന്ന എന്നെ, തന്റെ ശ്രേഷ്ഠമായ ശുശ്രൂഷയ്ക്കായി ഉയർത്തുവാൻ കർത്താവിന് കഴിയുമെങ്കിൽ, നിങ്ങളെയും നിശ്ചയമായും ഉയർത്തി അനേകർക്ക് അനുഗ്രഹമാക്കി മാറ്റും. പക്ഷേ അതിന് നിങ്ങൾ ദൈവഹിതത്തിന് സമർപ്പിച്ച് കർത്താവിന്റെ സമയത്തിനായി കാത്തിരിക്കണം. നിങ്ങളെ തകർത്ത് പണിയുവാൻ കർത്താവിന് സ്ഥാനം നൽകണം. അപ്പോൾ കർത്താവ് നിങ്ങളെ തിളക്കമുള്ള സ്വർണ്ണമാക്കി മാറ്റി, സിംഹാസനത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യും.


# ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

യേശു വിടുവിക്കുന്നു

ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |



ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.

# വീരനാണ് തിമൊഥെയൊസ്!

ഭാഗം - 7





**Hello Friends, യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്ക് എന്റെ ആശംസകൾ! വീരനാണ് തിമൊഥെയൊസ് എന്ന പംക്തിയിലൂടെ നിങ്ങളെ കണ്ടുമുട്ടിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ പംക്തി നിങ്ങൾക്ക് ഉപയോഗപ്രദമാകുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ ലോകത്തിൽ എല്ലാവരും എന്തെങ്കിലും കാര്യങ്ങൾ ചെയ്യുമ്പോൾ ആ ജോലിയിൽ തങ്ങളെ പിന്തുണയ്ക്കുവാൻ ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽ നല്ലതായിരിക്കുമെന്ന് പ്രതീക്ഷിക്കാറില്ലേ?**

ഒരു വിദ്യാർത്ഥിക്ക് നല്ല പിന്തുണ നൽകുന്ന അദ്ധ്യാപകർ ഉണ്ടെങ്കിൽ ആ വിദ്യാർത്ഥിക്ക് നല്ല മാർക്ക് നേടുവാൻ കഴിയും. ജോലിസ്ഥലത്ത് ഒരു ടീം ലീഡറിനെ തന്റെ ടീം പിന്തുണച്ചാൽ, അദ്ദേഹത്തിന് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാനും തന്നിരിക്കുന്ന ടാർഗറ്റ് വളരെ വേഗത്തിൽ പൂർത്തിയാക്കാനും കഴിയും. മാതാപിതാക്കൾക്ക് നല്ല പിന്തുണ നൽകുന്ന കുഞ്ഞുങ്ങളുണ്ടെങ്കിൽ, അവർക്ക് നന്നായി ജോലി ചെയ്യുവാൻ കഴിയും, ആ കുടുംബം പുരോഗതി പ്രാപിക്കും. എന്തുകൊണ്ടാണ് പെട്ടെന്ന് **support**നെ കുറിച്ച് പറഞ്ഞതെന്ന് ചിന്തിക്കുന്നുവോ?

നാം കണ്ടുകൊണ്ടിരിക്കുന്ന ഈ പംക്തിയിലെ നായകനും വളരെ **Supportive** ആയ വ്യക്തിയാണ്. ആരെ, എന്തിനെയാണ് അദ്ദേഹം പിന്തുണച്ചതെന്ന് നോക്കാം?

### വരുവിൻ, പംക്തിയിലേക്ക് പോകാം.

പൗലൊസ് കൊരിന്തിൽ ആയിരുന്നപ്പോൾ റോമാക്കാർക്ക് എഴുതിയ കത്തിൽ തീമൊഥെയൊസിനെ ഒരു കൂട്ടുവേലക്കാരൻ എന്നാണ് പരാമർശിച്ചത്. അപ്പൊസ്തലനായ പൗലോസ് അവസാനമായി യെരുശലേമിൽ പോയപ്പോൾ തിമൊഥെയൊസ് അദ്ദേഹത്തെ അനുഗമിച്ചു.

പൗലൊസ് ആദ്യമായി റോമയിലെ തടവറയിൽ അടയ്ക്കപ്പെട്ടപ്പോൾ, തിമൊഥെയൊസും അദ്ദേഹത്തിനോട് കൂടെ ഉണ്ടായിരുന്നു. ഫിലിപ്പിയർക്കും, കൊലൊസ്സ്യർക്കും, ഫിലേമോനും പൗലൊസ് തന്റെ ലേഖനങ്ങൾ എഴുതുമ്പോഴും സഹായിക്കാൻ തിമൊഥെയൊസ് പൗലോസിനൊപ്പം ഉണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്. അത് മാത്രമല്ല, പൗലൊസ് പ്രശ്നക്കാരെ നേരിട്ടപ്പോഴും തിമൊഥെയൊസ് കൂടെയുണ്ടായിരുന്നുവെന്ന് കഴിഞ്ഞ മാസം പരമ്പരയിൽ നാം കണ്ടുവല്ലോ.

### തിമൊഥെയൊസിന് എഴുതിയ ലേഖനങ്ങൾ:

തിമൊഥെയൊസ് എഫെസ്യ സഭയിലെ ശുശ്രൂഷക്കാരെ പരിശീലിപ്പിക്കുന്നതിൽ ഏർപ്പെട്ടിരുന്നു. അപ്പോൾ പൗലൊസ് മക്കദോന്യയിൽ നിന്ന് തന്റെ ലേഖനം എഴുതി. ആ ലേഖനത്തിൽ പൗലൊസ് തിമൊഥെയൊസിനെ 'വിശ്വാസത്തിൽ നിജപുത്രൻ' എന്നും, 'മകനേ തിമൊഥെയൊസേ' എന്നും വിളിച്ച്, അവനോടുള്ള തന്റെ സ്നേഹം വെളിപ്പെടുത്തുകയും, സഭാ ഭരണകാര്യങ്ങളിൽ അവന് നല്ല ഉപദേശങ്ങൾ നൽകുകയും ചെയ്തു. താൻ ഏൽപ്പിച്ച സഭയുടെ ഭരണപരമായ ഉത്തരവാദിത്തം നിലനിർത്താൻ അവനോട് പറയുകയും ചെയ്തു. രണ്ടാം തവണ റോമൻ തടവിലായപ്പോൾ പൗലൊസ് അപ്പൊസ്തലൻ തിമൊഥെയൊസിന് തന്റെ രണ്ടാമത്തെ ലേഖനം എഴുതി. അതിൽ പൗലൊസ് തിമൊഥെയൊസിനെ തന്റെ അടുക്കൽ വരാൻ വിളിച്ചിരുന്നു.

തനിക്കുശേഷം തന്റെ ശുശ്രൂഷകൾ തിമൊഥെയൊസ് ശരിയായി ചെയ്യുമെന്ന് പൗലൊസിന് ആത്മവിശ്വാസം ഉണ്ടായിരുന്നതായി നമുക്ക് വ്യക്തമായി കാണാൻ കഴിയും. " ആ നല്ല ഉപനിധി നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ സൂക്ഷിച്ചുകൊൾക" (2 തിമൊ. 1:14) എന്ന് പറഞ്ഞുകൊണ്ട് തന്നെ ഭരമേൽപ്പിച്ചിരിക്കുന്ന ശുശ്രൂഷ കാത്തുസൂക്ഷിക്കുവാൻ പൗലൊസ് തിമൊഥെയൊസിന് നിർദ്ദേശം നൽകിയിരുന്നു.

പൗലൊസ് മരണത്തിന്റെ വക്കിലെത്തിയ സാഹചര്യത്തിൽ ദേമാസ്, അലെക്സന്തർ, തുടങ്ങിയവർ കൈവിട്ടപ്പോഴും അദ്ദേഹത്തിന് തിമൊഥെയൊസിനോട് ഉണ്ടായിരുന്ന സ്നേഹവും വിശ്വാസവും യൗവനക്കാരനായ തിമൊഥെയൊസിന് കൂടുതൽ പ്രചോദനം നൽകിയിരിക്കുമല്ലേ? തിമൊഥെയൊസ് അവസാനം വരെ പൗലൊസിന്റെ ഊന്നുവടിയായിരുന്നു എന്നതിൽ സംശയമില്ല.

നോക്കൂ സ്നേഹിതരെ,നമ്മുടെ തിമൊഥെയൊസ് പൗലൊസിന് ആരോഗ്യമുള്ളപ്പോഴും, രോഗിയായിരുന്നപ്പോഴും, ഉയർച്ചയിലും, താഴ്ചയിലും, പോരാട്ടങ്ങളിലും, പ്രശ്നങ്ങളിലും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. പൗലൊസിനൊപ്പം വേറെയും ദാസന്മാരുണ്ടായിരുന്നു. എന്നാൽ, അവരിൽ ചിലർ പ്രശ്നങ്ങളും പോരാട്ടങ്ങളും കണ്ട് പൗലൊസിനെ ഉപേക്ഷിച്ച് പോയി. തിമൊഥെയൊസ് അവസാനം വരെ എല്ലാ സാഹചര്യങ്ങളിലും പൗലൊസിനെ പിന്തുണച്ചതുകൊണ്ട്, തനിക്കുശേഷം ഈ ശുശ്രൂഷ നന്നായി പരിപാലിക്കുമെന്ന് പൗലൊസിന് ഉറപ്പുണ്ടായിരുന്നു. ദൈവഹിതം നിറവേറ്റുന്നതിനായി ഈ അന്ത്യനാളുകളിൽ ദൈവഹിതം നിറവേറ്റുന്ന ശുശ്രൂഷകളുമായി ചേർന്ന് നിന്ന് ഒരുമിച്ച് പ്രവർത്തിക്കാം.

വീരയുഗം തുടരും ...

Heart Beat



# ഭാവങ്ങളെ പ്രകോപിപ്പിക്കരുത്; ജീവൻ നഷ്ടപ്പെടുത്തരുത് ....

ഞാൻ എട്ടാം ക്ലാസിൽ പഠിക്കുന്നു. എന്റെ കൂടെ പഠിച്ച ഒരു സ്നേഹിതനിലൂടെയാണ് ഞാൻ LGBTQയെ കുറിച്ച് അറിഞ്ഞത്. അതിനുശേഷം ധാരാളം പുതിയ കൂട്ടുകാരെ പരിചയപ്പെടുകയും അവരെല്ലാം എന്നോട് നന്നായി ഇടപഴകുകയും ചെയ്തു. ഒരാൾ മാത്രം എന്നെ വളരെയേറെ സ്നേഹിച്ചു. അദ്ദേഹത്തിന്റെ സ്നേഹത്തോടുകൂടിയ വാക്കുകളും, കരുതലും എന്നെ കൂടുതൽ ആകർഷിച്ചു. ഇപ്പോൾ ഞാൻ അയാളുമായി തെറ്റായ ബന്ധത്തിലാണ്. എപ്പോഴും അയാളെ കാണുവാനും സംസാരിക്കുവാനും ആഗ്രഹമുണ്ട്. ഇത് തെറ്റാണെന്ന് അറിയാം, എന്നാലും അതിൽ നിന്ന് പുറത്തുകടക്കുവാൻ കഴിയുന്നില്ല. പഠനത്തിലും ശ്രദ്ധിക്കുവാൻ കഴിയുന്നില്ല. ഞാൻ എന്താണ് ചെയ്യേണ്ടത്?

- അഭിഷേക്

പ്രിയപ്പെട്ട സഹോദരാ,

ഈ കത്ത് വായിച്ചപ്പോൾ ആശ്ചര്യമായിരിക്കുന്നു. ഇന്നത്തെ യൗവനസമൂഹം പാശ്ചാത്യ സംസ്കാരത്തിന്റെ പേരിൽ തെറ്റായ ശീലങ്ങളിലേക്കും അപകടകരമായ വഴികളിലേക്കും പോകുന്നുവെന്നത് ദുഃഖകരമാണ്. അഭിഷേക്, നിങ്ങൾ ഒരു തെറ്റായ ബന്ധത്തിലല്ല, മറിച്ച് വളരെ അപകടകരവും ദോഷകരവുമായ ഒരു ബന്ധത്തിലാണ്.

അഭിഷേക് ഇതൊരു സ്വാഭാവിക ബന്ധമോ , സ്നേഹമോ അല്ല. സമൂഹം അവഗണിക്കുകയും നിന്ദിക്കുകയും ചെയ്യുന്നു, പ്രത്യേകിച്ച് തിരുവെഴുത്തിന് വിരുദ്ധം. ഇത്തരത്തിലുള്ള പാപത്തിൽ ഏർപ്പെടുന്നത് നമ്മുടെ ഇന്ത്യൻ നിയമത്തിൽ കുറ്റകൃത്യമായിരുന്നു! എന്നാൽ ആധുനികതയും സംസ്കാരവും പറഞ്ഞ് സാധാരണ ജീവിതത്തിന് പുറത്ത് ജീവിക്കുവാനാണ് മനുഷ്യൻ ശ്രമിക്കുന്നത്. സദാചാരവും സത്യവും അടക്കവും ഒതുക്കവുമെല്ലാം അധഃപതിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കാം.

വേദപുസ്തകത്തിൽ "തിന്മയ്ക്ക് നന്മ എന്നും നന്മയ്ക്കു തിന്മ എന്നും പേർ പറകയും ഇരുട്ടിനെ വെളിച്ചവും വെളിച്ചത്തെ ഇരുട്ടും ആക്കുകയും കയ്പിനെ മധുരവും മധുരത്തെ കയ്പും ആക്കുകയും ചെയ്യുന്നവർക്ക് അയ്യോ കഷ്ടം" (യെശ. 5:20) എന്ന് ഒരു വചനമുണ്ട്. ഇന്ന് ലോകം തെറ്റായ ഒരു കാര്യത്തെ, തെറ്റായ ബന്ധത്തെ നല്ലതെന്ന് പറയുന്നു. തിന്മയായ കാര്യങ്ങളെ അംഗീകരിക്കാം എന്ന് പറയുന്നു. കർത്താവ് എല്ലാ പാപവും ക്ഷമിക്കുന്നു, എന്നാൽ സൊദോമിന്റെയും ഗൊമോറയുടെയും പാപം ദൈവം വെറുക്കുന്നു. ആ പാപം നിമിത്തമാണ് ആ നഗരം നശിപ്പിക്കപ്പെട്ടത്. കർത്താവ് സൃഷ്ടിച്ച മനോഹരമായ ബന്ധങ്ങളും ധാർമ്മികതയും ക്രമങ്ങളും പിശാച് നശിപ്പിക്കുന്നു. പകരം, അവൻ തെറ്റായ ബന്ധങ്ങളും, ക്രമക്കേടുകളും കൊണ്ടുവന്ന്, മനുഷ്യരാശിയുടെ സ്വഭാവസവിശേഷതകൾ മാറ്റുകയും പാപപ്രവൃത്തികൾ ചെയ്യുവാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

ഈ LGBTQ വിന് പിന്നിൽ പിശാചും അവന്റെ അനുയായികളും, ധാരാളം കോർപ്പറേറ്റുകളും പ്രവൃത്തിക്കുന്നുണ്ട്. അതുകൊണ്ട് നാം ജാഗരൂകരായിരുന്നെങ്കിൽ മാത്രമേ ഇത്തരം പാപകരമായ പെരുമാറ്റങ്ങൾ ഒഴിവാക്കുവാനും, നമ്മെത്തന്നെ വിശുദ്ധിയോടെ കാക്കുവാനും കഴിയൂ.

LGBTQ





## അഭിഷേക്, ഒരുപക്ഷേ ഈ പാപം തുടർന്നാലുള്ള അപകടമെന്താണ്:

- നിലവിലുള്ള മോശം ബന്ധം നിമിത്തം കൂടുതൽ തെറ്റായ കാര്യങ്ങൾ ചെയ്യുവാൻ നിങ്ങൾ നിർബന്ധിതനാകും.
- പല ശാരീരിക അസ്വസ്ഥതകളും പകർച്ചവ്യാധികളും ഉണ്ടാകും.
- ഈ കാര്യം നിങ്ങളുടെ മാതാപിതാക്കൾ അറിഞ്ഞാൽ അത് വളരെ അപമാനവും വേദനയുമാകും. ഇത് നിങ്ങളുടെ കുടുംബത്തിൽ വളരെയധികം ആശയക്കുഴപ്പങ്ങളും പ്രശ്നങ്ങളും ഉണ്ടാക്കും.
- നിങ്ങളുടെ പഠനത്തെ തീർച്ചയായും ബാധിക്കും. നിങ്ങളെ സ്കൂളിൽ നിന്ന് പുറത്താക്കും. നിങ്ങളുടെ ഭാവി ഇരുണ്ടുപോകും.
- ഏത് സൗഹൃദവും സത്യവും മധുരവും ആസ്വാദ്യകരവുമാണെന്ന് നിങ്ങൾ കരുതിയാലും, ആ വ്യക്തി നിങ്ങളെ സ്വന്തം ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിച്ചതിനുശേഷം തീർച്ചയായും മറ്റ് ബന്ധങ്ങൾ അന്വേഷിച്ച് പോകും.
- ഇത് നിങ്ങളെ വൈകാരിക ക്ലേശത്തിലേക്കും ഹൃദയവേദനയിലേക്കും നയിച്ചേക്കാം. നിങ്ങൾ തകരുകയും 'എല്ലാ ബന്ധങ്ങളും എന്ന് ഉപേക്ഷിച്ചു പോയല്ലോ' എന്ന് ചിന്തിച്ച് തെറ്റായ തീരുമാനങ്ങളിലേക്ക് പോകുകയും ചെയ്യും.

## ഒരുപക്ഷേ ഈ ബന്ധത്തിൽ നിന്ന് പുറത്തുകടന്നാൽ:

- അൽപ്പം ബുദ്ധിമുട്ടാണെങ്കിലും, നാം മാന്യതയോടെ ജീവിക്കുന്നു എന്ന സമാധാനം ഉണ്ടാകും.
- തെറ്റ് ചെയ്തു എന്ന കുറ്റബോധവും ഉണ്ടാകില്ല.
- എപ്പോഴും കുടുങ്ങിപ്പോയി, സമൂഹം നമ്മെ മോശമായി കാണുമല്ലോ എന്ന ഭയവും ഉണ്ടാകില്ല.
- നിങ്ങളുടെ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാം.
- നിങ്ങളുടെ മാതാപിതാക്കളുടെ സ്നേഹവും കരുതലും ഒരു യഥാർത്ഥ ബന്ധത്തിന്റെ സന്തോഷവും നിങ്ങൾക്ക് ലഭിക്കും.

## ഈ തെറ്റായ ആസക്തിയിൽ നിന്ന് രക്ഷപ്പെടാനുള്ള ചില വഴികൾ:



ഇത്തരത്തിലുള്ള തെറ്റായ വ്യക്തികളുമായി നിങ്ങളെ പരിചയപ്പെടുത്തിയ സുഹൃത്തിനെ ആദ്യം ഒഴിവാക്കുക.

നിങ്ങളെ ദുരുപയോഗം ചെയ്ത വ്യക്തിയുമായുള്ള ഇടപെടൽ ഒഴിവാക്കുക.

അവരുമായുള്ള ആശയവിനിമയം( FB,INSTA,WHATSAPP) ഉടനടി നിങ്ങൾ ഉപേക്ഷിക്കണം.

ആ വ്യക്തിയുമായി സംസാരിക്കുവാൻ തോന്നുമ്പോൾ PRODUCTIVE ആയ കാര്യങ്ങൾ ചെയ്ത്, സ്വയം തിരക്കിലാക്കണം.

തനിച്ചിരിക്കുമ്പോൾ അയാളെക്കുറിച്ചുള്ള ചിന്തകൾ കൂടുതൽ ഉണ്ടാകുമെന്നതിനാൽ, ഏകാന്തത ഒഴിവാക്കുവാൻ ശ്രമിക്കണം.

വിനോദങ്ങളിൽ ഏർപ്പെടുകയോ അല്ലെങ്കിൽ ഒരു INSTRUMENT പഠിക്കുകയോ പരിശീലിക്കുകയോ ചെയ്യുക.

**ഇതിനെല്ലാം ഉപരിയായി, 'യേശുവേ, ഈ പാപത്തിൽ നിന്നും എന്നെ വിടുവിക്കേണമേ' എന്ന് പ്രാർത്ഥിക്കുവിൻ. "പുത്രൻ നിങ്ങൾക്കു സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും" (യോഹ. 8:36). അഭിഷേക്, യേശു നിങ്ങൾക്ക് വിടുതൽ നൽകി, ഒരു പുതിയ ജീവിതം നയിക്കുവാൻ സഹായിക്കും. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞുപോയി, ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു" (2 കൊരി. 5:17) എന്ന വചനപ്രകാരം ഒരു പുതിയ ജീവിതം, പുതിയ പാതയിലൂടെ നടത്തുവാൻ കഴിയും! ശ്രമങ്ങൾ തുടരുവിൻ!**





# നല്ല അംശം

യേശുക്രിസ്തു ഗലീലയിൽ നിന്ന് യെരുശലേമിൽ വരുമ്പോഴെല്ലാം യെരിഹോവിൽ വരികയും ബെഥാന്യയിലൂടെ കടന്നുപോകുകയും ഒലിവ് മലയിൽ ഇറങ്ങി യെരുശലേം നഗരത്തിലേക്ക് പോകുകയും ചെയ്യുന്നത് കർത്താവിന്റെ പതിവായിരുന്നു.

അങ്ങനെ ഒരു ദിവസം, ബെഥാന്യ ഗ്രാമത്തിൽ വന്നപ്പോഴാണ് ഈ കുടുംബവുമായി കർത്താവ് പരിചയപ്പെട്ടത്. യേശു മാർത്തയെയും അവളുടെ സഹോദരിയെയും ലാസറിനെയും സ്നേഹിച്ചു എന്ന് യോഹന്നാൻ 11:5 ൽ പറയുന്നു. പിതാവില്ലാത്ത ആ മക്കളെ തന്റെ മക്കളെപ്പോലെ യേശു സ്നേഹിച്ചു. അവർ തമ്മിൽ നല്ല ബന്ധമുണ്ടായിരുന്നു. യേശു യെരുശലേമിൽ വരുമ്പോഴെല്ലാം ബെഥാന്യയിൽ വന്ന്, ഈ കുടുംബത്തോട് സംസാരിക്കുകയും ഇടപെടുകയും മാത്രമല്ല, ഭക്ഷണം കഴിച്ച് മടങ്ങുകയും ചെയ്തിരുന്നു.

എങ്ങനെയാണ് ഈ കുടുംബവുമായി യേശുവിന് ഇത്ര വലിയ കൂട്ടായ്മ ഉണ്ടായത്? ഈ കുടുംബവും യേശുവുമായി എങ്ങനെയാണ് ബന്ധം പുലർത്തിയത്?

"പിന്നെ അവർ യാത്രപോകയിൽ അവൻ ഒരു ഗ്രാമത്തിൽ എത്തി; മാർത്ത എന്നു പേരുള്ള ഒരു സ്ത്രീ അവനെ വീട്ടിൽ കൈക്കൊണ്ടു." (ലൂക്കോസ് 10:38) എന്ന് പറഞ്ഞിരിക്കുന്നു.

യേശു പോകുന്നിടത്തെല്ലാം ജനക്കൂട്ടം അനുഗമിക്കുന്നതായി നാം വചനത്തിൽ ഇടയ്ക്കിടെ വായിക്കുന്നു. യേശുവിനെ കാണുവാൻ മാർത്തയും ആ കൂട്ടത്തോടൊപ്പം ചേരുന്നു. ഉടനെ 'യേശു നമ്മുടെ ഭവനത്തിലേക്ക് വന്നാൽ എങ്ങനെയിരിക്കും!' എന്ന് മാർത്തയ്ക്ക് ആഗ്രഹം ഉണ്ടാകുന്നു.

യേശുവിനെ നമ്മുടെ വീട്ടിലേക്ക് വിളിക്കണം! പക്ഷേ, അദ്ദേഹത്തിന് ചുറ്റും എപ്പോഴും ശിഷ്യന്മാരും, ആളുകളും ഉള്ളപ്പോൾ, ഞങ്ങളുടെ ഭവനത്തിലേക്ക് വരുവിൻ എന്ന് ക്ഷണിച്ചാൽ വരുമോ എന്ന് ഹൃദയത്തിൽ ഒരു പോരാട്ടം. ആ പോരാട്ടത്തിനിടയിലും, യേശു ഭവനത്തിലേക്ക് വന്നാൽ എന്തൊരു ഭാഗ്യമാണ് എന്ന് ചിന്തിച്ച്, ധൈര്യം സംഭരിച്ചുകൊണ്ട് യേശുവിന്റെ മുന്നിൽ നിന്ന് സ്തോത്രം ചെയ്ത്, അങ്ങ് ഞങ്ങളുടെ ഭവനത്തിലേക്ക് വരേണം എന്ന് ക്ഷണിച്ചു. സ്നേഹത്തിനായി അവളുടെ ഹൃദയം കൊതിച്ചു. ഞങ്ങൾക്ക് പിതാവില്ല, അമ്മയുമില്ല, അങ്ങ്

ഞങ്ങളുടെ വീട്ടിൽ വന്ന് അനുഗ്രഹിക്കണം എന്ന് അവൾ വിളിക്കുമായിരുന്നു. യേശു അവളുടെ ആഗ്രഹത്തെ മാനിച്ച്, ഉടനെ അത് നിരസ്സിക്കാതെ, 'ഞാൻ വരുന്നു മകളേ' എന്നു പറഞ്ഞ്, യേശുവും 12 ശിഷ്യന്മാരും ആ വീട്ടിലേക്ക് പോയി. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവ്, മഹാപ്രവാചകൻ, എന്റെ രക്ഷകൻ, എന്റെ ഭവനത്തിൽ വന്നിരിക്കുന്നു എന്ന സന്തോഷത്തിൽ യേശുവിനെ ഇരുത്തിയശേഷം, മാർത്ത യേശുവിന് എന്താണ് ഇഷ്ടം എന്ന് പലതും പാചകം ചെയ്യുവാൻ അടുക്കളയിലേക്ക് പോയി.

മാർത്തയ്ക്ക് മറിയ എന്ന് പേരുള്ള ഒരു സഹോദരിയും ഉണ്ടായിരുന്നു. യേശുവിനെ കണ്ടയുടനെ, മറിയ യേശുവിന്റെ കാൽക്കൽ ഇരുന്ന്, കർത്താവേ ദൈവരാജ്യത്തെക്കുറിച്ച് പറയുവിൻ, സ്വർഗ്ഗരാജ്യത്തെക്കുറിച്ച് പറയുവിൻ, എന്നോട് സംസാരിക്കുവിൻ എന്ന് യേശുവിനോട് ചോദിക്കുന്നു. യേശുവും സന്തോഷത്തോടെ അവളോട് സംസാരിക്കുന്നു. മറിയ യേശുവിനോട് സംസാരിക്കുന്നത് കേട്ടയുടനെ, മാർത്ത അടുക്കളയിൽ നിന്ന് വന്ന് ദേഷ്യത്തോടെ 'ഞാൻ അടുക്കളയിൽ കഷ്ടപ്പെടുന്നു! എന്നെ സഹായിക്കാതെ, മറിയ അങ്ങയോട് സംസാരിച്ചുകൊണ്ടിരിക്കുന്നു! അങ്ങേയ്ക്ക് അവളോട് പറയാമല്ലോ!' എന്ന് യേശുവിനെ ഭവനത്തിൽ ക്ഷണിച്ച് വരുത്തുകയും യേശുവിനെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു. യേശു മാർത്തയെ നോക്കി "മാർത്തയേ, മാർത്തയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു. മറിയയെ നോക്കൂ, എന്റെ കാൽക്കൽ ഇരുന്ന് ഞാൻ പറയുന്നത് ശ്രദ്ധിക്കുന്നു, ഒന്നു മാത്രം മതി, അതാണ് നല്ല അംശം" എന്ന് യേശു പറഞ്ഞു.

ഒരുപക്ഷേ മാർത്തയെപ്പോലെ നമുക്കും എങ്ങനെയെങ്കിലും യേശുവിനെ പ്രസാദിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെ 'സുവിശേഷം അറിയിക്കാം', 'കുട്ടികളുടെ ശുശ്രൂഷ', 'യുവജനശുശ്രൂഷ', 'ലഘുലേഖ ശുശ്രൂഷ', 'ഗ്രാമ ശുശ്രൂഷ' തുടങ്ങി നിരവധി ശുശ്രൂഷകൾ ചെയ്യുവാനും സാധിക്കും. ഇവയെല്ലാം പ്രധാനമാണ്. എന്നാൽ ഇവയ്ക്കെല്ലാം ഉപരിയായി നാം കർത്താവിന്റെ പാദത്തിൽ കാത്തിരിക്കണം. മാർത്തയെ നോക്കുവിൻ! അവൾ യേശുവിനോട്: 'എന്ത് കഴിക്കുവാനാണ് ആഗ്രഹിക്കുന്നത്?', 'എന്താണ് ആഗ്രഹം?', 'ഇപ്പോൾ കഴിക്കാനുള്ള മാനസികാവസ്ഥയിലാണോ?' എന്ന് ചോദിക്കാതെ, യേശുവിനെ പ്രീതിപ്പെടുത്തുവാൻ എന്തൊക്കെയോ ചെയ്തുകൊണ്ടിരുന്നു. നാമും



പലപ്പോഴും കർത്താവിന്റെ പാദത്തിൽ ഇരുന്ന് കർത്താവിനോട് ഒന്നും ചോദിക്കാതെ തന്നെ വളരെ പ്രയത്നത്തോടെ പല ശുശ്രൂഷകളും ചെയ്യുന്നു. എന്നാൽ കർത്താവ് അതിൽ പ്രസാദിക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുവാൻ പലപ്പോഴും നാം മറന്നുപോകുന്നു. വേദപുസ്തകം വായിക്കാതെ, കർത്താവിന്റെ പാദത്തിൽ ഇരുന്ന് പ്രാർത്ഥിക്കാതെ, പരിശുദ്ധാത്മാവിന്റെ മാർഗനിർദ്ദേശമില്ലാതെ എന്തെങ്കിലും ചെയ്യുമ്പോൾ ആശയക്കുഴപ്പവും, പ്രകോപനവും, സമാധാനക്കുറവും, ക്ഷീണവും, നിരാശവും ഉണ്ടാകുന്നു. അത് നമുക്ക് ശരിയായി ചെയ്ത് പൂർത്തിയാക്കുവാൻ കഴിയില്ല. ഒടുവിൽ, മാർത്തയെപ്പോലെ കർത്താവിനെ കുറ്റപ്പെടുത്തുന്ന അവസ്ഥയിൽ എത്തിച്ചേരും.

**പ്രിയപ്പെട്ട യൗവനക്കാരെ! മറിയയെപ്പോലെ, നാമും കർത്താവിന്റെ പാദത്തിൽ ഇരുന്ന് യേശുവിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും, കർത്താവുമായുള്ള നമ്മുടെ ബന്ധത്തിൽ അനുദിനം വളരുകയും വേണമെന്നാണ് കർത്താവ് നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. കർത്താവുമായുള്ള ബന്ധം വളരുമ്പോൾ നമുക്ക് കർത്താവിന്റെ ശബ്ദം കൂടുതൽ വ്യക്തമായി കേൾക്കുവാൻ കഴിയും. കർത്താവിന്റെ ഹൃദയഭാരങ്ങൾ അറിയുവാൻ കഴിയും. കർത്താവിന്റെ പാദത്തിൽ ഇരുന്ന്, ദൈവഹിതം അറിഞ്ഞ്, അപ്രകാരം ചെയ്യുന്ന ശുശ്രൂഷകളിലാണ് കർത്താവ് പ്രസാദിക്കുന്നത്. അതിനാൽ, മറിയയെപ്പോലെ കർത്താവിന്റെ പാദത്തിൽ ഇരിക്കുന്നത് എല്ലാറ്റിനുമുപരിയായി കരുതി, കർത്താവിന്റെ ഇഷ്ടപ്രകാരം കാര്യങ്ങൾ ചെയ്യുമ്പോൾ അവ ഫലപ്രദമായും തൃപ്തികരമായും പൂർത്തിയാക്കുവാൻ കർത്താവ് ശക്തിയും ജ്ഞാനവും കൃപയും അഭിഷേകവും നൽകി സഹായിക്കും. നല്ല അംശം അറിയുവാൻ തയ്യാറാണോ???**

## വികാരങ്ങളെക്കുറിച്ചുള്ള

# കുറ്റബോധം!




ഊർജ്ജസ്വലരായ യുവജനങ്ങൾക്ക് എന്റെ ആശംസകൾ! ഭാവങ്ങൾ എന്ന പംക്തിയിലൂടെ എല്ലാ മാസവും നിങ്ങളെ കണ്ടുമുട്ടുവാൻ കഴിയുന്നതിൽ അതിയായ സന്തോഷമുണ്ട്. കഴിഞ്ഞ മാസം നിങ്ങൾ ഉത്കണ്ഠയെക്കുറിച്ച് പഠിച്ചു. ആശങ്കാകുലരായ അനേകരെ കർത്താവ് വിടുവിച്ചു എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഈ മാസം നമുക്ക് മറ്റൊരു ഭാവമായ കുറ്റബോധത്തെക്കുറിച്ച് പര്യവേക്ഷണം ചെയ്യാം!

നിങ്ങളുടെ ജീവിതത്തിൽ പ്രതികൂലമായി എന്തെങ്കിലും സംഭവിച്ചാൽ, ഉടൻ തന്നെ നിങ്ങൾ, കർത്താവിന് ഇഷ്ടമില്ലാത്ത പാപങ്ങൾ ചെയ്തതിന്റെ ഫലമായാണ് ഞാൻ ഇന്ന് കഷ്ടപ്പെടുന്നത് എന്ന് ചിന്തിക്കാറുണ്ടോ? കർത്താവായ യേശുക്രിസ്തു ഈ പംക്തിയിലൂടെ തീർച്ചയായും നിങ്ങളോട് സംസാരിച്ച്, നിങ്ങൾക്ക് സുബോധവും സമാധാനവും നൽകും. കൂടാതെ കുറ്റബോധത്തിൽ നിന്ന് വിടുതലും നൽകും.




## കുറ്റബോധത്തിന്റെ പ്രധാന കാരണങ്ങൾ:

- നാം കർത്താവിനെതിരെ പാപം ചെയ്തു.
- നമ്മുടെ സ്വന്തം ജഡത്തിനെതിരെ പാപം ചെയ്തു.(മയക്കുമരുന്ന്, കുത്തിവയ്പ്പുകൾ, മദ്യപാനം കൂടാതെ തെറ്റായ ബന്ധങ്ങൾ)
- അപ്പൻ അമ്മയോടോ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും ബന്ധങ്ങളിലോ വിശ്വാസ വഞ്ചന നടത്തുന്നു.
- ജോലിസ്ഥലത്ത് ചിലരെ കബളിപ്പിച്ച് സ്ഥാനക്കയറ്റം നേടുന്നു .




- ഇത്തരം പല കാരണങ്ങൾ കാണിച്ച് സാത്താൻ നമ്മിൽ കുറ്റബോധം കൊണ്ടുവരും. ആ സമയത്ത് നാം. സുബോധമുള്ളവരായിരിക്കണം.

## കുറ്റബോധം മറികടക്കാൻ ലളിതമായ ചില പരിഹാരങ്ങൾ:

പശ്ചാത്താപം: നിങ്ങളുടെ പാപങ്ങൾ കർത്താവിനോട് ആത്മാർത്ഥമായി ഏറ്റുപറഞ്ഞ് ക്ഷമ ചോദിക്കുക (1 യോഹന്നാൻ 1:9).



കർത്താവിന്റെ ക്ഷമ സ്വീകരിക്കുവിൻ: ക്രിസ്തുവിലൂടെ പാപമോചനം നൽകുമെന്ന കർത്താവിന്റ വാഗ്ദത്തത്തിൽ വിശ്വസിക്കുവിൻ. ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോലെ, കർത്താവ് നമ്മിൽ നിന്ന് നമ്മുടെ അതിക്രമങ്ങളെ അകറ്റുമെന്ന് വിശ്വസിക്കുവിൻ (സങ്കീർത്തനങ്ങൾ 103:12).



സമാധാനത്തോടെ നടക്കുവിൻ: പാപക്ഷമ ലഭിച്ചതിനുശേഷം, യേശുക്രിസ്തു നൽകുന്ന സമാധാനം സ്വീകരിക്കുവിൻ. വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിരിക്കുന്നു എന്ന് തിരിച്ചറിഞ്ഞുകൊണ്ട് കർത്താവിനെ അനുസരിച്ച് ജീവിക്കുവിൻ (റോമർ 5:1).

യേശു അവന് ദാനമായി നൽകിയ പാപക്ഷമയാണ് കുറ്റബോധത്തിൽ നിന്ന് പത്രൊസിനെ വിടുവിക്കുവാനുള്ള ഏറ്റവും പ്രധാന കാരണം .

അതുപോലെ, ഒരാളെ ഒറ്റിക്കൊടുക്കുന്നതിൽ നിങ്ങൾക്ക് കുറ്റബോധം തോന്നുന്നുവെങ്കിൽ, ഉടൻ തന്നെ ആ വ്യക്തിയോട് ക്ഷമ ചോദിക്കുവാൻ ശ്രമിക്കുക. ക്ഷമ ചോദിക്കുവാൻ പറ്റാത്ത സാഹചര്യത്തിൽ പാപം ക്ഷമിക്കുവാൻ കഴിയുന്ന യേശുക്രിസ്തുവിനോട് ആദ്യം ക്ഷമ ചോദിക്കുക, കുറ്റബോധത്തിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ ശ്രമിക്കുവിൻ.

**നിങ്ങളുടെ മനസ്സ് പുതുക്കുവിൻ:** കുറ്റബോധത്താൽ നിറഞ്ഞിരിക്കുന്ന മനസ്സിനെ ദൈവവചനത്താൽ നിറയ്ക്കുവിൻ. കർത്താവിന്റെ സ്നേഹം, കൃപ, ക്ഷമ എന്നിവയെക്കുറിച്ച് നമ്മെ ഓർമ്മിപ്പിക്കുന്ന തിരുവചനങ്ങൾ ധ്യാനിക്കുവിൻ.

ആത്മീയ പിന്തുണ തേടുവിൻ: മാർഗനിർദേശത്തിലൂടെയും പ്രാർത്ഥനയിലൂടെയും നിങ്ങളെ വഴിനടത്തുന്ന വിശ്വസ്തനായ ഒരു ക്രൈസ്തവ സ്നേഹിതൻ, പട്ടക്കാരൻ അല്ലെങ്കിൽ ഉപദേശകൻ എന്നിവരുമായി നിങ്ങളുടെ മനസ്സിലുള്ള കാര്യങ്ങൾ പങ്കുവയ്ക്കുവിൻ.

**" .. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു" (1യോഹ. 1:9).**



**ഇത് വായിക്കുന്ന യൗവനക്കാരെ! കുറ്റബോധത്താൽ പ്രയാസപ്പെടുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. പകരം, ഇതിനുള്ള ഏക പരിഹാരം എന്തെന്നാൽ, ക്ഷമ പ്രാപിക്കുന്നവരായി മാറിയാൽ നിങ്ങളുടെ ജീവിതം സമ്പൂർണ്ണമായിമാറും.**



# കർത്താവിന്റെ തിരഞ്ഞെടുപ്പ്!

ഈ ലോകം ജ്ഞാനി, പണ്ഡിതൻ, ശക്തൻ, കഴിവുള്ളവൻ, സുന്ദരൻ, എന്നിവരെ തിരഞ്ഞെടുത്ത് അവർക്ക് സ്ഥാനങ്ങളും ഉത്തരവാദിത്തങ്ങളും നൽകുന്നു. എന്നാൽ കർത്താവിന്റെ തിരഞ്ഞെടുപ്പ് എല്ലായ്പ്പോഴും വ്യത്യസ്തവും നമുക്ക് മനസ്സിലാക്കുവാൻ കഴിയാത്തതുമാണ്. ഉദാഹരണത്തിന്, "ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്തമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു" (1കൊരി.1:27). കർത്താവ് തിരഞ്ഞെടുത്ത ഒരു മനുഷ്യൻ ഏത് അവസ്ഥയിലായിരുന്നാലും, അവനെ സന്ദർശിച്ച്, തനിക്ക് പ്രയോജനമുള്ള ഒരു പാത്രമാക്കി മാറ്റി, അവനെക്കൊണ്ട് ശക്തമായ കാര്യങ്ങൾ ചെയ്യുവാൻ കർത്താവിന് സാധിക്കും.

ഇസ്രായേൽ ജനങ്ങളെ വഴിനടത്തിയ നേതാക്കന്മാർ എങ്ങനെയിരുന്നുവോ, അതുപോലെ തന്നെയാണ്. ഒത്നിയേൽ, ദെബോറ, ഗിദെയോൻ എന്നിവർക്കുശേഷം ജനങ്ങളെ നയിക്കുവാനും, ന്യായപാലനം ചെയ്യുവാനും അർഹരായവർ ഇല്ലാതിരുന്നതിനാൽ ജനങ്ങൾ വഴിതെറ്റി അവരവർ തങ്ങളുടെ ഇഷ്ടപ്രകാരം ജീവിക്കുകയും, പിന്മാറിപ്പോവുകയും ചെയ്തു. "ആ കാലത്ത് യിസ്രായേലിൽ രാജാവില്ലായിരുന്നു; ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നു" (ന്യായാ. 21:25). പ്രായമായ ഏലി പുരോഹിതൻ തന്റെ മക്കളെ നേരായി നയിക്കാത്തതുകൊണ്ട്, ജനങ്ങളെ വഴിനടത്തേണ്ട അദ്ദേഹത്തിന്റെ മക്കളും കർത്താവിനെ അറിഞ്ഞില്ല. കർത്താവിനെതിരായി അവർ ചെയ്ത പാപങ്ങൾ ദൈവസന്നിധിയിൽ വളരെ വലുതായിരുന്നു. അതുവരെ ഇസ്രായേലിൽ യാതൊരു പ്രവാചകനും എഴുന്നേറ്റിട്ടില്ല.



വഴിതെറ്റിപ്പോയ ജനങ്ങളെ കുറിച്ചോർത്ത് വേദനപ്പെട്ടിരുന്ന കർത്താവിനോട് ഹന്ന, "... അടിയനെ മറക്കാതെ ഒരു

പുരുഷസന്താനത്തെ നല്കുകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവയ്ക്കു കൊടുക്കും; അവന്റെ തലയിൽ ക്ഷൗരക്കത്തി തൊടുകയുമില്ല" (1 ശമു 1:11) എന്നു പറഞ്ഞു. കർത്താവ് അവളുടെ നേർച്ച സ്വീകരിച്ച് ശമുവേലിനെ നൽകുക മാത്രമല്ല, അവനെ ഇസ്രായേൽ ജനങ്ങൾക്ക് ന്യായാധിപനും പ്രവാചകനുമായി തിരഞ്ഞെടുത്തു.



ഹന്നയുടെയും ശമുവേലിന്റെയും കാലത്ത്, സമൂഹത്തിൽ സ്ത്രീകളും, കൊച്ചു കുഞ്ഞുങ്ങളും ബഹുമാനിക്കപ്പെടാതെയും എല്ലാവരാലും അവഗണിക്കപ്പെട്ടുമിരുന്നു. ഈ സാഹചര്യത്തിലാണ് കർത്താവ് ശമുവേലിനെ തിരഞ്ഞെടുത്ത്, "എന്റെ പ്രസാദവും ഹിതവും അനുഷ്ഠിക്കുന്ന ഒരു വിശ്വസ്ത പുരോഹിതനെ ഞാൻ എനിക്ക് എഴുന്നേല്പിക്കും; അവനു ഞാൻ സ്ഥിരമായൊരു ഭവനം പണിയും" (1 ശമു. 2:35) എന്ന് അരുളിച്ചെയ്തത്.

ഇന്ത്യയുടെ ഉണർവിനായി കർത്താവ് നിങ്ങളെ ശക്തമായി ഉപയോഗിക്കുവാൻ പോകുന്നതുകൊണ്ട്, നിങ്ങളുടെ ബലഹീനതകളെക്കുറിച്ച് ചിന്തിക്കാതെ, ശമുവേൽ കർത്താവിന്റെ ഹൃദയഭാരം തിരിച്ചറിഞ്ഞ് പ്രവർത്തിച്ചതുപോലെ, നിങ്ങളും "അരുളിച്ചെയ്യേണമേ; അടിയൻ കേൾക്കുന്നു" (1 ശമു 3:10) എന്നു പറഞ്ഞുകൊണ്ട് കർത്താവിന്റെ ശബ്ദം ശ്രദ്ധിച്ച് ആരംഭിക്കുവിൻ. കർത്താവ് നിങ്ങളിലൂടെ അനേകരുടെ ജീവിതം നന്നാക്കും. "പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും" (മത്തായി 20:16). ദൈവമക്കളെ നയിക്കുവാൻ അനേകർ വിളിക്കപ്പെട്ടിരിക്കാം! എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവർ കർത്താവിനുവേണ്ടി പ്രകാശിക്കും.


**എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, ദൈവത്തിന്റെ തിരഞ്ഞെടുപ്പ് എപ്പോഴും നമ്മെ അത്ഭുതപ്പെടുത്തുന്നു. ലോകം നിങ്ങളെ ബലഹീനൻ, ഭീരു വിവേകശൂന്യൻ എന്നിങ്ങനെ വിളിക്കുന്നുവെങ്കിൽ, നിങ്ങൾ അതിന് സ്ഥാനം നൽകരുത്. "ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും**

**ഏതുമില്ലാത്തതും തിരഞ്ഞെടുത്തു" (1 കൊരി. 1:28). നിങ്ങൾ സാധാരണക്കാരനല്ല, ലോകത്തെ ഇളക്കിമറയ്ക്കുവാൻ കർത്താവ് നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു!**



# പ്രാർത്ഥനാ ഡയറി

## ആഗസ്റ്റ് 2024



## മയക്കുമരുന്നിന് അടിമകളായ പെൺകുട്ടികൾ

ചെറുപ്രായത്തിൽ തന്നെ പെൺകുട്ടികൾ മയക്കുമരുന്നിന് അടിമപ്പെടുന്നതിനെക്കുറിച്ച് ശിശുക്ഷേമ പ്രവർത്തകൻ പറയുന്നത് എന്തെന്നാൽ, മിക്ക കേസുകളിലും പെൺ കുട്ടികളുടെ കുടുംബം തീർച്ചയായും എന്തെങ്കിലും പ്രശ്നത്താൽ വേർപിരിഞ്ഞിരിക്കും! അല്ലെങ്കിൽ അവരുടെ മാതാപിതാക്കൾക്ക് അച്ചടക്ക ബോധമില്ലാതിരിക്കാം. ഇത്തരം കുടുംബങ്ങളിലെ പെൺകുട്ടികളാണ് ഏറ്റവും കൂടുതൽ ബാധിക്കപ്പെടുന്നത്. അതുകൊണ്ട് മാതാപിതാക്കൾ കുട്ടികളുടെ മുന്നിൽ കുടുംബപ്രശ്നങ്ങൾ കാണിക്കാതെ, കുട്ടികളെ കൃത്യനിഷ്ഠയുള്ളവരായി വളർത്തണം. 99% പെൺ കുട്ടികളും ആൺകുട്ടികളും ബാധിക്കപ്പെടുന്നതിന് പ്രധാനകാരണം അവരുടെ കുടുംബമാണ്. അതുകൊണ്ട് മാതാപിതാക്കൾ കുട്ടികളുടെ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നത് നല്ലതാണ്. ചെറുപ്പത്തിൽ തന്നെ ലഹരി എങ്ങനെയിരിക്കും എന്ന് അറിയുവാൻ ആദ്യം ബിയർ കുടിക്കുന്നു, പിന്നെ മദ്യം കുടിക്കുന്നു, തുടർന്ന് കഞ്ചാവ് വലിക്കുന്ന കുട്ടികൾ സമീപകാലത്ത് വേദനസംഹാരികൾ വാങ്ങി അതിൽ വെള്ളം കലർത്തി കുത്തിവയ്ക്കുന്നു.

### പ്രാർത്ഥനാ വിഷയങ്ങൾ

1. ലഹരിക്ക് അടിമപ്പെട്ട പെൺകുട്ടികൾ തെറ്റായ ബന്ധങ്ങളിൽ അകപ്പെട്ട് ചെറുപ്രായത്തിൽ തന്നെ ജീവിതം നശിപ്പിക്കുന്ന ദുരവസ്ഥയ്ക്ക് മാറ്റമുണ്ടാകുവാൻ പ്രാർത്ഥിക്കുവിൻ.
2. ചെറുപ്പത്തിൽ തന്നെ മയക്കുമരുന്നിന് അടിമപ്പെടുന്ന പെൺകുട്ടികളെ കർത്താവ് സ്പർശിച്ച് അതിൽ നിന്നും വിടുവിക്കുവാനായി പ്രാർത്ഥിക്കുവിൻ.
3. കുടുംബ പ്രശ്നങ്ങൾ, മാതാപിതാക്കളുടെ അച്ചടക്കമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ബാധിക്കപ്പെട്ടിരിക്കുന്ന പെൺകുട്ടികൾ അതിൽ നിന്ന് പുറത്തുവരാൻ പ്രാർത്ഥിക്കുവിൻ.
4. കുടുംബ സാഹചര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് മയക്കുമരുന്നിന് അടിമയായിരിക്കുന്ന പെൺകുട്ടികളെയും ആൺകുട്ടികളെയും കർത്താവ് വിടുവിക്കുവാനായി പ്രാർത്ഥിക്കുവിൻ.

## ക്യാബിനറ്റ് മന്ത്രിമാർ

രാജ്യത്തിന്റെ 18-ാമത് തിരഞ്ഞെടുപ്പിൽ ദേശീയ ജനാധിപത്യ സംഖ്യം 293 സീറ്റുകൾ നേടി തുടർച്ചയായി 3-ാം തവണയും സർക്കാർ രൂപീകരിച്ചു. ശ്രീ. നരേന്ദ്ര മോദി വീണ്ടും പ്രധാനമന്ത്രി സ്ഥാനം ഏറ്റെടുത്തിരിക്കുന്നു. അദ്ദേഹത്തോടൊപ്പം 30 ക്യാബിനറ്റ് മന്ത്രിമാരും പ്രത്യേക ചുമതലയുള്ള 5 സഹമന്ത്രിമാരും കേന്ദ്രമന്ത്രിമാരായി സത്യപ്രതിജ്ഞ ചെയ്തിരിക്കുന്നു.



### പ്രാർത്ഥനാ വിഷയങ്ങൾ

1. ഇന്ത്യയിൽ 3-ാം തവണയും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ശ്രീ. നരേന്ദ്ര മോദിക്ക് കർത്താവ് നല്ല ജ്ഞാനവും സംരക്ഷണവും നൽ കുവാനായി പ്രാർത്ഥിക്കുവിൻ.
2. സത്യപ്രതിജ്ഞ ചെയ്ത 71 ക്യാബിനറ്റ് മന്ത്രിമാരുടെയും മേൽ കർത്താവിന്റെ ആധിപത്യം ഉണ്ടാകുവാനും, ശരിയായ തീരുമാനങ്ങൾ എടുക്കുവാൻ കർത്താവ് അവർക്ക് നല്ല ജ്ഞാനം നല്കുവാനും പ്രാർത്ഥിക്കുവിൻ.
3. പുതിയ സർക്കാർ രൂപീകരിച്ച നാഷണൽ ഡെമോക്രാറ്റിക് അലയൻസ് പാർട്ടി ഇന്ത്യയെ പുരോഗതിയുടെ പാതയിലേക്ക് കൊണ്ടുപോകുവാൻ നല്ല പദ്ധതികൾ നടപ്പിലാക്കുവാനായി പ്രാർത്ഥിക്കുവിൻ.
4. പ്രതിപക്ഷ നേതാവ് ശ്രീ. രാഹുൽ ഗാന്ധിയുടെയും അഖിലേന്ത്യാ പാർട്ടി നേതാക്കളുടെയും മേൽ കർത്താവിന്റെ ആധിപത്യവും സംരക്ഷണവും ഉണ്ടാകുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.

# മെഡിക്കൽ വകുപ്പ്

ഇന്ത്യയിൽ 70,000 ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 37,725 സർക്കാർ ആശുപത്രികളാണ്. ഇതിന് പുറമേ 10.4 ലക്ഷം സ്വകാര്യ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. 600ലധികം മെഡിക്കൽ കോളേജുകളുമുണ്ട്. 3000 മരുന്ന് നിർമ്മാണ കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിലെ 3ൽ 2% ഡോക്ടർമാരും ഔപചാരിക മെഡിക്കൽ ബിരുദം ഇല്ലാതെ പ്രാക്ടീസ് ചെയ്യുന്നു. പ്രതിവർഷം 20 ലക്ഷം വിദേശികളാണ് ഇന്ത്യയിൽ ചികിത്സയ്ക്കെത്തുന്നത്.



## പ്രാർത്ഥനാ വിഷയങ്ങൾ

1. ഇന്ത്യയിലെ എല്ലാ ആശുപത്രികളും സേവന മനോഭാവത്തോടെ ചികിത്സ നടത്തുവാൻ പ്രാർത്ഥിക്കുവിൻ.
2. ഇന്ത്യയിലെ 3000 മരുന്ന് നിർമ്മാണ കമ്പനികളും ഗുണമേന്മയുള്ളതും പാർശ്വഫലങ്ങളില്ലാത്തതുമായ മരുന്നുകൾ ഉത്പാദിപ്പിക്കുവാൻ വേണ്ടി പ്രാർത്ഥിക്കുവിൻ.
3. മെഡിക്കൽ രംഗത്ത് ഡോക്ടർമാരുടെയും നഴ്സ്മാരുടെയും ക്ഷാമം ഉണ്ടാകാതിരിക്കുവാനും ഒഴിവുകൾ നികത്തുവാനും ചികിത്സ മുടക്കമില്ലാതെ നടക്കുവാനുമായി പ്രാർത്ഥിക്കുവിൻ.
4. ശരിയായ ബിരുദങ്ങളില്ലാത്ത മെഡിക്കൽ രംഗത്തെ വ്യാജ ഡോക്ടർമാരെ കണ്ടെത്തി നീക്കം ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുവിൻ.

# പ്രമേഹം ബാധിച്ചവർ

ഇന്ത്യയിൽ ഏകദേശം 7.7 കോടി ജനങ്ങൾ പ്രമേഹബാധിതരാണ്. പ്രമേഹം ഏറ്റവും കൂടുതൽ ബാധിക്കുന്ന രാജ്യങ്ങളിൽ ഇന്ത്യ രണ്ടാം സ്ഥാനത്താണ്. പ്രമേഹരോഗികൾ ശരാശരി 10,000 രൂപ വരെ ചെലവഴിക്കുന്നു. 2% ആളുകൾ പ്രമേഹം നിമിത്തം മരിക്കുന്നു. ലോകത്ത് ഏറ്റവുമധികം കുട്ടികളിൽ പ്രമേഹം ബാധിച്ച രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ.



## പ്രാർത്ഥനാ വിഷയങ്ങൾ

1. പ്രമേഹബാധിതരായ 7.7 കോടി ജനങ്ങളുടെ രോഗസൗഖ്യത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ.
2. പ്രമേഹ ബാധിതരായ കുട്ടികളുടെ രോഗസൗഖ്യത്തിനായും, അത് നിമിത്തം ദോഷങ്ങൾ ഉണ്ടാകാതിരിക്കുവാനും പ്രാർത്ഥിക്കുവിൻ.
3. പ്രമേഹം നിമിത്തം ഇനിമേൽ മരണങ്ങൾ ഉണ്ടാകാതിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.
4. പ്രമേഹത്തിന്റെ പാർശ്വഫലങ്ങളാൽ ബുദ്ധിമുട്ടുന്ന ആളുകൾക്ക് കർത്താവ് സൗഖ്യം നൽകുവാനും, ഈ രോഗം നമ്മുടെ ദേശത്തിൽ നിന്ന് പൂർണ്ണമായും തുടച്ചുനീക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.





# ഉണർവിനെയും കഷ്ടതയെയും വിഭജിക്കാനാവില്ല!

"ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും ..." (മത്തായി 24:7)







മണിപ്പൂർ സംസ്ഥാനത്ത് മെയ്തി, കുക്കി വിഭാഗങ്ങൾക്കിടയിൽ കഴിഞ്ഞ 2023 മെയ് 3 ന് പൊട്ടിപ്പുറപ്പെട്ട കലാപം ഇപ്പോഴും തുടരുകയാണ്. മണിപ്പൂരിലെ ജനസംഖ്യയുടെ 51 ശതമാനവും മെയ്തിസ് ആണ്. തലസ്ഥാനമായ ഇംഫാലിന്റെ സമതലങ്ങളിൽ താമസിക്കുന്ന ഭൂരിഭാഗം മെയ്തികളും ഹിന്ദുക്കളാണ്. ക്രൈസ്തവരും മുസ്ലീങ്ങളും കുറവാണ്. മലയോര മേഖലകളിൽ താമസിക്കുന്ന കുക്കി സമുദായം ആദിവാസികളാണ്. അവരിൽ ഭൂരിഭാഗവും ക്രൈസ്തവരാണ്. മെയ്തിസ് ജനത തങ്ങൾക്ക് ഗോത്രപദവി വേണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ തങ്ങളുടെ സംവരണവും ഭൂമിയും തൊഴിലും നഷ്ടപ്പെടുമെന്ന് ഭയന്നാണ് കുക്കി സമൂഹം പ്രതിഷേധിച്ചത്.

ഈ സാഹചര്യത്തിൽ മെയ്തി ജനങ്ങൾക്ക് അനുകൂലമായി മണിപ്പൂർ ഹൈക്കോടതി നല്കിയ വിധി 2023 ഏപ്രിലിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചപ്പോൾ, കുക്കി ജനത ശക്തമായി പ്രതിഷേധിക്കുകയും, മെയ് മാസം മെയ്തി സമുദായവും കുക്കി സമുദായവും തമ്മിൽ സംഘർഷമുണ്ടായി അത് കലാപമായി മാറുകയും ചെയ്തു. ഇന്നുവരെ ആ കലാപം അവസാനിച്ചിട്ടില്ല. ആയുധധാരികളായ സംഘങ്ങൾ വീടുകളിൽ അതിക്രമിച്ച് കയറി ആളുകളെ തട്ടിക്കൊണ്ടുപോകുകയും അടിച്ചുകൊല്ലുകയും ചെയ്തു. രക്തബന്ധങ്ങളെ നഷ്ടപ്പെട്ട നിരവധി കുടുംബങ്ങളുടെ നിലവിളി ഇന്നും മുഴങ്ങുന്നു.

മെയ്തി - കുക്കി സായുധ സംഘങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ ആയിരങ്ങൾക്ക് പരിക്കേറ്റു. അനേകായിരങ്ങളെ സ്വന്തം നാട്ടിൽ നിന്ന് അഭയാർത്ഥികളെപ്പോലെ പുറത്താക്കി. പല കുടുംബനാഥന്മാരും യുവാക്കളും ഇപ്പോഴും തങ്ങളുടെ ജീവനെ ഭയന്ന് മറ്റ് സ്ഥലങ്ങളിൽ മാറി വേദനയോടെ കഴിഞ്ഞുവരുന്നു.

മണിപ്പൂരിൽ സൈനികരെയും, അർധ സൈനിക വിഭാഗത്തെയും വിന്യസിപ്പിച്ചിട്ടും അക്രമങ്ങൾക്ക് അയവ് വന്നിട്ടില്ല. ഈ അക്രമത്തിൽ ഇതുവരെ 221 പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

അതേസമയം മണിപ്പൂരിൽ അക്രമം പൊട്ടിപ്പുറപ്പെട്ടിട്ട് മെയ് 3 ന് ഒരു വർഷം തികയുന്ന സാഹചര്യത്തിലും, ഇന്നും അക്രമം നടന്നുകൊണ്ടിരിക്കുകയാണ്.



ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും എന്ന് 2000 വർഷങ്ങൾക്ക് മുമ്പ് വേദപുസ്തകത്തിൽ എഴുതിയിട്ടുണ്ട്. ജനങ്ങൾക്കെതിരെ ജനങ്ങൾ ഇന്നുവരെ എഴുന്നേറ്റിട്ടില്ല. കയീൻ ഹാബെൽ കാലങ്ങളിൽ ഉണ്ടായിരുന്നു. "അപ്പോൾ ചുവന്നതായ മറ്റൊരു കുതിര പുറപ്പെട്ടു; അതിന്റെ പുറത്ത് ഇരിക്കുന്നവനു മനുഷ്യർ അന്യോന്യം കൊല്ലുവാൻ തക്കവണ്ണം ഭൂമിയിൽനിന്നു സമാധാനം എടുത്തുകളയേണ്ടതിന് അധികാരം ലഭിച്ചു; ഒരു വലിയ വാളും അവനു കിട്ടി" എന്ന് വെളിപ്പാട് 6:4ൽ പറഞ്ഞിരിക്കുന്നതുപോലെ, മണിപ്പൂർ സംസ്ഥാനത്തിന് അവരുടെ സമാധാനം നഷ്ടമായി. ആർ ആരെ കൊല്ലുമെന്നും, എവിടെ നിന്ന് അക്രമം പൊട്ടിപ്പുറപ്പെടുമെന്നും അറിയാതെ ജനങ്ങൾ ഭയപ്പെട്ടിരിക്കുന്നു. "ഭൂമി ദൈവത്തിന്റെ മുമ്പാകെ വഷളായി" എന്ന് ഉല്പത്തി 6:10ൽ പറഞ്ഞിരിക്കുന്നതുപോലെ ആളുകൾക്കെതിരെ ആളുകൾ എഴുന്നേറ്റുകൊണ്ടിരിക്കുന്നു.

മിസ്രയീമ്യർ ഇസ്രായേല്യർക്കെതിരെ എഴുന്നേറ്റ് അവരെ അടിച്ചമർത്തി. അവരുടെ ജീവിതം കയ്പേറിയതും ക്രൂരവുമാക്കിമാറ്റി. ഇസ്രായേലിൽ ജനിച്ച ആൺകുഞ്ഞുങ്ങളെ അവർ കൊന്നു. അപ്പോൾ ഇസ്രായേല്യരുടെ ദുരിതവും അവരുടെ നിലവിളിയും വേദനയും അറിഞ്ഞ്, അവരെ നയിക്കുവാൻ, കർത്താവ് മോശെ എന്ന മനുഷ്യനെ അയച്ചു. മോശെയിലൂടെ ആ കാലത്ത് ഒരു ഉണർവ് ഉണ്ടായി.



അതുപോലെ ഇന്ന് മണിപ്പൂരിൽ ജനങ്ങൾ അടിച്ചമർത്തപ്പെടുകയും പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. മത്തായി 24:12 , "അധർമം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും" എന്ന വചനപ്രകാരം സ്നേഹമില്ലാത്ത ഒരു അവസ്ഥ ജനങ്ങളുടെ ഇടയിൽ കാണപ്പെടുന്നു.

**കർത്താവ് മോശയിലൂടെ ഒരു ഉണർവ് കൽപ്പിച്ചതുപോലെ ഇന്ന് മണിപ്പൂരിലും ഒരു ഉണർവ് കൽപ്പിക്കുവാൻ മോശെമാർ എഴുന്നേൽക്കണം. മണിപ്പൂരിൽ നാം ഉണർവ് കാണുവാൻ പോകുന്നു. യൗവനക്കാരെ! മണിപ്പൂരിൽ ഉണർവുണ്ടാകുവാനായി പ്രാർത്ഥിക്കുമോ?**

# How to study effectively

- *Get organised*
- *Don't skip class!*
- *Take notes*
- *Talk to your teacher & ask questions*
- *Space out your studying*
- *Create a study plan – & stick to it*
- *Don't just re-read but study*
- *Set up a quiet study space*
- *Test yourself*
- *Find a study buddy or join a study group*



# NISUIN BERIYTH

## (വിവാഹ ഉടമ്പടി)

### ഭാഗം - 7



കഴിഞ്ഞ മാസങ്ങളിൽ നാം ദൈവഹിതം തടയുവാൻ ശ്രമിക്കുന്ന ഇടർച്ചകളെക്കുറിച്ച് ധ്യാനിച്ചു. ഈ ലക്കത്തിലും, നിങ്ങളുടെ വിവാഹത്തിനുള്ള ഏറ്റവും മികച്ച നുറുങ്ങുകളെക്കുറിച്ച് ധ്യാനിക്കാം.

ഒരുപക്ഷേ രണ്ടോ മൂന്നോ വരന്മാർ ഒരേ സമയം വരുമ്പോൾ, എല്ലാം നിങ്ങൾക്ക് നന്നായി തോന്നിയേക്കാം. എന്നാൽ ഏറ്റവും മികച്ചത് തിരഞ്ഞെടുക്കണം! എന്ത് ചെയ്യും? ആരോടാണ് ഉപദേശം ചോദിക്കേണ്ടത്? എന്നതിനെക്കുറിച്ച് നിങ്ങൾ ആശയക്കുഴപ്പത്തിലായേക്കാം.

മനുഷ്യന്റെ ആലോചന കേൾക്കാതെ, നിങ്ങളെ സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ കടന്നുപോയി ആലോചന കേൾക്കുവിൻ. കർത്താവിനെ ആലോചനയുടെ കർത്താവ് എന്ന് വിളിക്കുന്നു (യെശ. 9:6) നിങ്ങൾക്കുവേണ്ടി ഒരു ദിവസം ഉപവാസം നിശ്ചയിക്കുക. നിങ്ങളുടെ മുറിയുടെ വാതിൽ പൂട്ടി നിങ്ങളുടെ എല്ലാ കാര്യങ്ങളും കർത്താവിനോട് പറയുവിൻ. ശരിയായ ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുവാൻ നിങ്ങളെ സഹായിക്കുവാൻ കർതൃസന്നിധിയിൽ അപേക്ഷിക്കുവിൻ. കർത്താവാണ് നിങ്ങളെ സൃഷ്ടിച്ചത്. നിങ്ങളുടെ ശരീരത്തിലെ വാരിയെല്ലിൽ നിന്ന് ഏത് സ്ത്രീയെ സൃഷ്ടിച്ചുവോ അല്ലെങ്കിൽ ആരുടെ വാരിയെല്ലിൽ നിന്ന് നിങ്ങളെ സൃഷ്ടിച്ചുവോ ശരിയായി യോജിപ്പിക്കുവാൻ കർത്താവിന് മാത്രമേ കഴിയൂ. വിവാഹത്തിനായി ഒരുങ്ങുന്ന യൗവനക്കാർ ആദ്യം കർത്താവിനോട് ആലോചന ചോദിക്കണം. കർത്താവ് എനിക്കായി സകലവും ചെയ്യുമെന്ന് വിശ്വസിക്കണം.

നിങ്ങളുടെ ജീവിതത്തിൽ എല്ലാ അനുഗ്രഹങ്ങളും ലഭിക്കണമെന്നും, ഐശ്വര്യത്തോടും സന്തോഷത്തോടും ജീവിക്കണമെന്ന് ആഗ്രഹിക്കുന്ന ആദ്യത്തെ വ്യക്തി കർത്താവാണ്. കർത്താവിനുശേഷം നിങ്ങളുടെ ക്ഷേമം ഏറ്റവുമധികം ആഗ്രഹിക്കുന്നത് നിങ്ങളുടെ മാതാപിതാക്കളാണ്. അവർ നിങ്ങളുടെ ക്ഷേമത്തിനായി വളരെ ത്യാഗം ചെയ്തവരാണ്.

### പലതരത്തിലുള്ള വേദനകളും കഷ്ടപ്പാടുകളും സഹിച്ച് നിന്നെ പ്രസവിച്ച അമ്മ:

- ഇഷ്ടപ്പെട്ട ഭക്ഷണം പാകം ചെയ്ത് ആ ഭക്ഷണം കഴിപ്പിക്കുവാൻ, പലയിടത്തും നിന്നെ ചുമന്ന് കൊണ്ടുപോകുവാനും പോറ്റാനും സന്തോഷമുള്ള അമ്മയുടെ പ്രവൃത്തി.
- നിന്നെ ഉറക്കുവാൻ മണിക്കൂറുകളോളം നിൽക്കുകയും തൊട്ടിൽ ആട്ടുകയും ചെയ്യുന്ന പ്രവൃത്തി.
- അസുഖങ്ങൾ ഉണ്ടാകുന്ന സമയത്ത് ഉറക്കം നഷ്ടപ്പെടുത്തി രാത്രി മുഴുവൻ ഉണർന്നിരിക്കുന്ന പ്രവൃത്തി.



## കുടുംബത്തിനാവശ്യമായ വരുമാനത്തിനുവേണ്ടി രാവും പകലും സമ്പാദിക്കുന്ന പിതാവ്



- ഇഷ്ടമുള്ള ഭക്ഷണം,ഇഷ്ടമുള്ള വസ്ത്രങ്ങൾ, ഇഷ്ടമുള്ള കളിപ്പാട്ടങ്ങൾ തുടങ്ങി ചോദിക്കുന്നതെല്ലാം വാങ്ങികൊടുത്ത് സന്തോഷിപ്പിക്കുന്ന പിതാവിന്റെ പ്രവൃത്തികൾ.
- ഓരോ വാക്സിനും നിശ്ചയിച്ച തീയതികളിൽ മറക്കാതെ നൽകുന്ന പ്രവൃത്തി.
- മാത്രവുമല്ല, പട്ടണത്തിലെ ഏറ്റവും നല്ല സ്കൂൾ, മികച്ച ട്യൂഷൻ സെന്റർ, മികച്ച കോളേജ് എന്നിവ അന്വേഷിച്ചു കണ്ടെത്തി, പണത്തെക്കുറിച്ച് ചിന്തിക്കാതെ വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്ന പ്രവൃത്തി.

ഈ സൗകര്യങ്ങളെല്ലാം ചെയ്തുകൊടുക്കുന്ന മാതാപിതാക്കൾ, ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുമ്പോഴും ഏറ്റവും മികച്ചത് കണ്ടെത്തുമെന്ന് കുട്ടികൾ വിശ്വസിക്കണം.

ഇന്ന് യൗവനത്തിലേക്ക് കടക്കുമ്പോഴേക്കും പല കുട്ടികളും മാതാപിതാക്കളെ ബഹുമാനിക്കുന്നില്ല. "എന്റെ ജീവിതമാണ്!", "ജീവിക്കേണ്ടത് ഞാനാണ്", "നിങ്ങൾക്കെന്താണ്?" എന്നു പറഞ്ഞ് കുടുംബത്തിന് യോജിക്കാത്ത, നല്ല സ്വഭാവമോ, വിദ്യാഭ്യാസമോ, നല്ല ജോലിയോ ഇല്ലാത്തവരെ, മുഖം മാത്രം നോക്കി വിവാഹം കഴിക്കുന്നു. പിന്നീട് ഏതാനും മാസങ്ങൾക്കുള്ളിൽ വിവാഹമോചനത്തിന്റെ പേരിൽ തങ്ങളുടെ ജീവിതം നശിപ്പിച്ച്, കുടുംബസമാധാനവും നഷ്ടമാക്കുന്നു. നിങ്ങളുടെ മാതാപിതാക്കളോട് സംസാരിക്കുവിൻ. നിങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും അവരുമായി പങ്കിടുവിൻ. നിങ്ങളുടെ നല്ല ഭാവിയ്ക്കായി ആഗ്രഹിക്കുകയും നിങ്ങളുടെ നന്മയ്ക്കായി പ്രവർത്തിക്കുകയും ചെയ്തവർ തീർച്ചയായും പലരുമായി കൂടിയാലോചിക്കുകയും ഏറ്റവും മികച്ച ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുകയും ചെയ്യും. നിനക്കു നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്ന് വിശുദ്ധവേദപുസ്തകം പറയുന്നു. നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളെ ബഹുമാനിക്കുകയും അവരുമായി കൂടിയാലോചിക്കുകയും അവരെ അനുസരിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ സ്വർഗസ്ഥ പിതാവ് നിങ്ങളുടെ പ്രവർത്തികളിൽ സന്തുഷ്ടനാകുകയും നിങ്ങളെ അനുഗ്രഹിക്കുകയും ചെയ്യും.



വിശുദ്ധവേദപുസ്തകത്തിൽ, ദാവീദ് രാജാവ് തന്റെ 40 വർഷത്തെ ഭരണകാലത്ത് എല്ലാ യുദ്ധങ്ങളിലും വിജയിച്ചിരുന്നു. 'യുദ്ധത്തിന് പോകണമോ? വേണ്ടയോ?', 'എങ്ങനെ പോകും?', 'എപ്പോഴാണ് പോകേണ്ടത്?' തുടങ്ങി എല്ലാ കാര്യങ്ങളിലും അദ്ദേഹം കർത്താവിനോട് ആലോചന ചോദിക്കും! അതുകൊണ്ടാണ് എല്ലായിടത്തും വിജയം നേടിയത്.

എന്നാൽ, ശൗൽ രാജാവിന്റെ മരുമകൻ ആകുന്നത് ദൈവഹിതമാണോ എന്ന് അദ്ദേഹം കർത്താവിനോട് ഉപദേശം ചോദിച്ചിരുന്നില്ല. മീഖളിനെ തന്റെ ജീവിതപങ്കാളിയായി സ്വീകരിക്കാമോ എന്ന് അദ്ദേഹം ദൈവത്തോട് ചോദിച്ചിരുന്നില്ല. രക്ഷിതാക്കളുമായി കൂടിയാലോചന നടത്തിയതുമില്ല. ദാവീദ് രാജാവിന്റെ കൊട്ടാര ജീവിതത്തിന്റെ ഒരു ഭാഗമാകണമെന്ന് ആഗ്രഹിച്ച മീഖൾ, ശൗലിനെ ഭയന്ന് കൊട്ടാരത്തിൽ നിന്ന് ഓടിപ്പോയ സാഹചര്യത്തിലും ദാവീദിനൊപ്പം യാത്ര ചെയ്തിരുന്നില്ല. ദാവീദ് രാജാവിന്റെ ആദ്യ ഭാര്യ എന്ന നിലയിൽ മീഖൾ ശരിയായിരുന്നുവെങ്കിൽ, ഒരുപക്ഷേ ദാവീദിന് ഒന്നിലധികം ഭാര്യമാർ ഉണ്ടാകുമായിരുന്നില്ല. അനേകം കുഞ്ഞുങ്ങളാൽ അദ്ദേഹം നേരിട്ട കഷ്ടങ്ങളും, അപമാനങ്ങളും, കടന്നുപോയ ദുഷ്കരമായ പാതകളും ഉണ്ടാകുമായിരുന്നില്ല. ഇസ്രായേൽ ജനങ്ങളെ സാമർത്ഥ്യത്തോടെ ഭരിച്ചിരുന്ന ഒരു രാജാവിന് തന്റെ സ്വന്ത ഗൃഹം സുന്ദരമാക്കുവാൻ കഴിഞ്ഞിരുന്നില്ല ..... എന്തുകൊണ്ട്? ചിന്തിച്ചുനോക്കുവിൻ!

(തുടരും)

# സ്വർണ്ണ വനിത



**പ്രിയ യുവ വിജയികൾക്ക് എന്റെ സ്നേഹാശംസകൾ! ജീവിതത്തിൽ വിജയം കൈവരിക്കുവാൻ ലക്ഷ്യം വളരെ പ്രധാനമാണ്. ലക്ഷ്യമില്ലാതെ ഓടിയാൽ വിജയിക്കാനാവില്ല. വിജയിക്കണമെങ്കിൽ, ആദ്യം നമ്മുടെ ലക്ഷ്യം കൃത്യമായിരിക്കണം. അത് നമ്മെ വിജയത്തിലേക്ക് നയിക്കും. തന്റെ ലക്ഷ്യം കൃത്യമായി കണ്ടെത്തി വിജയിച്ച ഒരു വിജയിയുടെ ജീവിതയാത്രയാണ് നിങ്ങളുടെ മുന്നിൽ ....**

1964 ജൂൺ 27-ാം തീയതി കേരളത്തിൽ ജനിച്ച പി.ടി. ഉഷയ്ക്ക് കുട്ടിക്കാലം മുതൽ സ്പോർട്സിനോട് വളരെ താൽപര്യമുണ്ടായിരുന്നു. അത് ലറ്റിക്സിലെ അവരുടെ കഴിവ് മികച്ചതായിരുന്നു. 13-ാം വയസ്സിൽ അവർ തന്റെ കഴിവ് വെളിപ്പെടുത്തി. ദേശീയതല അത് ലറ്റിക്സിൽ 100 മീറ്റർ ഓട്ടത്തിൽ പങ്കെടുത്ത് ദേശീയ റെക്കോർഡ് സ്ഥാപിച്ചു. ഇതിനെത്തുടർന്ന് അവർ തന്റെ കഴിവുകൾ വികസിപ്പിക്കുകയും നിരവധി മത്സരങ്ങളിൽ പങ്കെടുക്കുകയും നിരവധി മെഡലുകൾ നേടുകയും ചെയ്തു. 20 വർഷം അത് ലറ്റിക്സിൽ പങ്കെടുത്ത്, നിരവധി നേട്ടങ്ങൾ കരസ്ഥമാക്കി. ഇതിന്റ ബഹുമാനാർത്ഥം ഇന്ത്യാ ഗവൺമെന്റ് അവർക്ക് പത്മശ്രീ,





അർജുന പുരസ്കാരങ്ങൾ നൽകി ആദരിച്ചു. 1984, 1985,1987 കൂടാതെ 1989 ലും മികച്ച വനിതാ കായികതാരത്തിനുള്ള ഏഷ്യാ അവാർഡും നേടി. ഇന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ പ്രസിഡന്റായിരിക്കുന്ന അവർ നിരവധി കായിക താരങ്ങൾക്ക് മാതൃകയായി തുടരുന്നു.

**ഇത് വായിക്കുന്ന യൗവനക്കാരെ, നമ്മുടെ ജീവിതത്തിൽ ലക്ഷ്യം വളരെ പ്രധാനമാണ്. അത് നിങ്ങൾ ശരിയായി തിരഞ്ഞെടുത്ത്, മുഴുവൻ ശ്രദ്ധയും നൽകുകയാണെങ്കിൽ, തീർച്ചയായും നിങ്ങൾ വിജയിക്കും. ശ്രമം തുടരുവിൻ, നാളെ നിങ്ങളും അനേകർക്ക് ഉപദേഷ്ടാവും മാതൃകയും ആയിത്തീരും.**